ON 12-04-2014 we took our flight to SINGAPORE (CHANGI AIRPORT) from NEDUMBASSERY, Cochin, in SILK AIR flight, A 320.The flight took off at 11PM. It took 4h30m to land at Singapore Chinghai International airport. This airport is the top ranking and world famous international air port. As on date there are 3 terminals in operation. Each terminal is about a kilo meter apart. Transiting between these terminals to take next flights in time is done by sky trains provided free of charge. It takes 4 minutes for transiting between terminals. Facilities provided in this air port are superb and one should see it to believe.

Our flight landed at Changi airport in the early morning. After attending to our morning rituals we waited at the lounge for our next flight. Our flight B 777 to TOKYO, Haneda airport, took off at 8 in the morning (Singapore time). Our flight landed at TOKYO Haneda airport at 4 PM in the evening (TOKYO TIME) after 7 hours flight. Emigration procedures were swift and courteous at the air port .Officials made us feel easy and comfortable during the procedure. They kept smiling while exchanging pleasantries and welcomed us to their country. We felt very comfortable. Our luggage reached very quickly and we were out in a short time. It was a pleasant experience.

My uncle, aunt, and their cute little girl were waiting for our arrival at the exit gate .They received us with warm smile and exchanged pleasantries. My uncle had brought in a few winter cloths to put on since the weather at Tokyo on that day

➲

was+ 10 c and very chill. We added these cloths on us and felt warm and comfortable. The taxi arranged by my uncle was waiting outside. The taxi driver received us with a broad smile and greeted us and bowed his head several times. When we responded to his greetings he said" arigato " (Thank you). Next, he opened the boot of his vehicle and swung open a ramp like arrangement that came out silently and touched the ground. He took each one of our suitcases himself and very gently rolled it over the ramp and placed it inside the vehicle .Our four heavy suit cases were now neatly placed inside. We travelled on a smooth and pothole free road. No bumps could be seen anywhere. We travelled comfortably in a normal and permitted speed. All along the road sign boards were seen displayed indicating various road warnings, speed limits etc. My uncle told me that road accidents are almost nil because people observe and obey these signals strictly and they conduct themselves in a highly disciplined manner.

After 30 minutes travel we arrived at LAZONA PLASA, an apartment complex at Kawasaki. This is a residential area. My uncle and family are staying in this apartment complex in the second floor. All these apartments are automated and remote controlled by sensors. All the required safety equipments are provided inside these apartments. Air conditioners and heaters are provided for use during seasonal changes. It is funny to see that toilet systems functioning on pressing buttons. Kawasaki rail way station is about 50 meters away from this complex.My uncle regularly travels by train from this station to his office at Shinagawa. It takes only 7 minutes to reach his office.

We stayed indoors for two days enjoying the chill climate in the company of our family members. We celebrated VISHU in the company of my little cousin and others.

**OUTINGS**

My uncle made the program of outings at the following places.

1. Mount Fuji
2. Asakusa temple. (sensoji temple)
3. Tokyo Sky tree.
4. Disney land.
5. Yokohama bay
6. Imperial Palace (Tokyo palace)

**Mount Fuji**

We started at 8 am from Kawasaki in a 20 seated low bed luxury coach. 12 other family friends of my uncle also joined us. Fuji is about 200 KM from Tokyo. On our way to Fiji we visited 2 other places of interest. About the buses in Japan I will give you details later.

First we visited' Hawaiian', a garden artistically and luxuriously formed resembling a forest with flowing small rivers, rapids, rock formations, waterfalls, bushes and trees. This garden housed pretty looking birds like pelicans, flamingoes, water ducks, red colored cranes, parrots etc. Few small animals of rare species and varieties of rarely seen flowers and beautifully colored fishes were also seen there. The garden is beautifully and artistically maintained. Here, we were invited to a live show of Hawaiian dance programme. It was a treat to our eyes.

➲

Our next visit was to an open air zoo, Fuji safari park. Many wild animals were seen walking freely around this area that looks like a small jungle. Vehicles for carrying tourists are specially made ones. Each vehicle look like an over sized animal perfectly matching with the zoo environment. Travellers were advised to be inside their vehicle with shutters down for safety. From here we started off to Fuji Mountain.

Mount Fuji is a snow capped volcanic mountain. This mountain is considered a holy place for Japanese. They call the mountain respectfully as Fuji san. This is situated about 200 KM from Tokyo. This volcanic mountain falls under the category of intermediate volcano that erupts violently sometimes and quite at other times. This Mountain, now,is in a sleeping state. This volcano has not given any signs of activity for a long time. Places around this volcano are very scenic. It is surrounded by big and small hills, valleys, lakes. There is a beautifully looking bridge across the lake. A number of power boats were ferrying people from place to place. Cherry- blossom flowers and sakura flowers around added beauty. Cherry--- blossom season last from mid march to mid may. This place on earth presents an unforgettable sight. Because of mist we could not see the mountain clearly. We could only make out the profile of this giant Mountain. Darkness was coming down slowly. We started our return journey. Travelling on a smooth road without any traffic jams and passing through numerous tunnels was a real pleasure.

**Asakusa temple** (sensoji temple)

This Japanese temple, oldest in Tokyo, is a Buddhist temple .This Temple attracts huge crowd including tourists from various countries every day. This is a very popular temple. Sumita River flows nearby. This temple is surrounded by streets selling temple related pictures, artifacts, sweets, books etc. Streets, shops and buildings look neat and tidy. A number of eateries are also located on the sides of these roads. Food prepared fresh are served here. Variety of sweets were available here. Sky tree is also visible from the temple compound.

**Sky tree**

This is a tall tower artistically made. This is the tallest telecommunication tower in the world. Many shops, offices, restaurants are located inside this tower. When illuminated in the night it gives a marvelous sight.

**Disney land**

Tokyo Disney land is a theme park and resort. It is spread over an area of 115 acres. It is located opposite to Tokyo railway station. It was constructed in the same style as in Disney land California. All the Disney characters can be seen here in the same environment and style similar to the one created by Walt Disney in his stories. River head, port, railway station, Train and engine, boat etc are created here. We can make boat travel and rail travel here. Some of the notable sites are, Peter pans flight, Mickey toon town, snow white's fairy tales, Cinderella's castle, western rail road, a small world, haunted house etc. I took photo graphs by sitting on Cinderella's chair and another one by placing my leg on Cinderella's crystal

shoe. Night time parade of Disney characters on moving platforms illuminated by millions of lights and with wonderful soft back ground music was a wonder and unforgettable sight. It lasted for hours. All Disney characters look alive. It was a spectacular event. Thousands of people visit the Disney land every day. The authorities always keep the area spick and span. Cleaning staff are always very vigilant and duty bound. Everything is perfectly managed here giving no room for laxity.

**Yokohama bay**

Yokohama is the second largest city in Japan. It lies on the Tokyo bay. It is a major commercial city and Japan's prominent port city from earlier days. The wharf with flower gardens around look beautiful and presented an unforgettable sight. colorful lights added beauty at night. When we reached the bay a luxury liner carrying holiday makers was about to move out of the harbor. Another small ship spraying water jets into the sky, to say bye, was leading this liner. It was a wonderful sight. During night the port and bay look very beautiful.

**Imperial Palace**

Tokyo Imperial Palace is the main residence of The Emperor of Japan .It is very close to the Tokyo railway station. Gardens, lakes, museums etc are located around this area .The present Emperor is Akihito. A number of high rise buildings and star hotels are also close to this area. This area presents a majestic look.

**Life style**

Japan is a country of 4 islandsclosely knetted. Variety of fish in huge quantity is available. They eat a very balanced diet that includes rice, plenty of fish, meat and vegetables and fruits. They like to eat raw fish in the form of SUSHI and SASHIMI. Sushi is a raw fish served with sweetened vinegar and rice. Sashimi is served in slices topped with soya sauce for dipping. My uncle brought in a serving of sushi (box meal) and my grandfather and uncle finished it in no time. Others hesitated. Noodles in variety are served in every eatery. They give more value to quality than quantity. I have not seen any pot belly people around this place. They are fair complexioned (white) people dressed neat and tidy. Only difference we could notice is their eyelids. Eyelids are quite different from ours. They have straight hair. I was fortunate to see a Sumo wrestler crossing the road near our Apartment complex. Kimono is the traditional dress of Japanese. They wear these dresses on special occasions these days.

Japanese people are very shy and hard working. Buddhism and Shintoism are two major religions in Japan. There are lots of shrines of both these religions in Japan. Modern Japanese people are not very religious. They eat their food with chopsticks. They are highly cultured people. They find it difficult to converse in English. It is difficult to converse with them without knowing their language. They do not make any kind of noise while travelling or shopping. Majority of the population use subways and other rail way system for their travel. Every 5 minutes there are trains from their stations in tokyo. There are local trains, express trains and super fast trains known as Bullet trains (Shinkansen).These bullet trains run at a speed of about 350 KM per

hour. Compartments are very clean and good looking. Opening and closing doors, stopping at stations, giving minute by minute information, etc are electronically done. All Information is passed on to the travelers through public address system and TV screens provided in each compartment. People stand in queue and wait for the arrival of the train without making any kind of fuss. While boarding or alighting they make no noise of any kind or pulling or pushing. Old and physically challenged persons are given preference and allowed to be seated .They maintain very high disciplined behaviors. Railway platforms are clean and almost all stations have escalators and lifts for old and physically challenged persons. Nobody can enter the station without a valid ticket. Electronic tickets are swiped at the equipment provided at the entry and the gates open in a second if the ticket is OK and the balance amount in the E ticket is flashed.

Another mode of transport is Bus. Number of buses ply on the road. The driver immaculately dressed handles everything like opening and closing doors, checking tickets, helping the passengers giving directions, announcing about next stops etc single handed electronically. E ticked purchased are swiped on the sensor kept on the left side of the driver. All the buses are low bed type and give out a majestic look. Climbing up and getting down are very easy. Trains and buses are of people friendly design. Buses are very clean and look extremely good in appearance.

For short distance travel and also for shopping etc they prefer to use cycles. Each shopping mall and other places are provided with spaces for cycle parking. Parents take their small children in riders and these riders and wheel chairs are accommodated in trains and buses and all other places.

Kanchi, hirakana, katakana are the dialects they use in writing. Each letter in their alphabet looks like a character or a symbol. Each of these letters represents syllabi. They converse in a low voice without making any disturbance to others.

Few Japanese words ...

| | | |
|---|---|---|
| Konnichava | = | Hello |
| Sayonara | = | good by |
| Arigato | = | Thank you |
| Hai | = | yes |
| iie | = | No |
| Sumimasen | = | Excuse me |

Ohaio gosaimus = Good morning

Cycles are used by many for short distance travel. More number of taxies ply on the road than private cars. I have seen only very few number of motor cycles or scooters or private cars plying on the roads. Because of these reasons the roads are not congested and no traffic jams are experienced. Roads, walkways and other surrounding areas are very neatly maintained. People observe traffic rules strictly. Not even a small bit of paper or any other material can be seen scattered.

Tokyo city is a highly populated city and also considered a neatest city in the world. 13 million people live there. Including metros this would be 33 million. This is also a costliest city. Minimum bus fare is 200 yen=Rs 120, and minimum train fare 130 yen= Rs78. It is an electronic world. Tokyo city, can be said, a city of

# ആവിഷ്കാര-അഭിപ്രായ സ്വാതന്ത്ര്യവും അതിന്റെ പ്രശ്നങ്ങളും

*Er. രാജൻ വി.*

നമ്മുടെ നാട് പൊതുവെ സ്വാതന്ത്ര്യങ്ങളുടെ നാടാണ്. അഭിപ്രായ - ആവിഷ്കാര സ്വാതന്ത്ര്യം, മനുഷ്യാവകാശം, വിദ്യാഭ്യാസ അവകാശം, തൊഴിലവകാശം, സേവനാവകാശം അങ്ങനെ പലതും. വിദ്യാഭ്യാസാവകാശത്തിന്റെ കാര്യം തന്നെ നോക്കുക, ഇന്ത്യ പോലൊരു രാജ്യത്ത് ഇങ്ങനെയൊരു നിയമം നടപ്പിലാക്കാൻ ഉടനെ അത്രയെളുപ്പമല്ല. കുറെ ബുജികളും സാംസ്ക്കാരിക നായകരും കൂടി ബഹളമുണ്ടാക്കിയപ്പോൾ ഗവൺമെന്റ് സ്വൈരം കിട്ടാനായി ചെയ്തതാണ് ഈ നിയമം. അതുകൊണ്ട് പ്രത്യേകിച്ചൊരു ഗുണവും ആർക്കും ലഭിച്ചതുമില്ല. ഏതാണ്ടെല്ലാ നിയമങ്ങളും ഇതുപോല തന്നെയാണു വന്നിട്ടുള്ളത്. ഈ അവകാശങ്ങളൊക്കെ സർക്കാരിൽ നിന്നും കിട്ടേണ്ടതായതുകൊണ്ട് ഇതിനെപ്പറ്റി നമ്മളെ ബോധവൽക്കരിക്കാൻ ധാരാളം വ്യക്തികളും സംഘടനകളും മാധ്യമങ്ങളും രാജ്യത്തുണ്ട്. നമുക്ക് ഏതെങ്കിലും അവകാശം നിഷേധിക്കപ്പെട്ടെന്നു തോന്നിയാൽ ഇവർ ഉടനെയിടപെടും, അവർക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല. അവകാശങ്ങൾ എപ്പോഴും ഇങ്ങോട്ട് കിട്ടാനുള്ളതുകൊണ്ട് ജനത്തിനും വലിയ താല്പര്യമാണ്. അതേസമയം ഈ അവകാശങ്ങളുടെ കൂടെ ഉത്തരവാദിത്വങ്ങളും കൂടി ഉണ്ടെന്നകാര്യം ജനത്തെ ആരും ബോധവത്ക്കരിക്കാറില്ല. ഇതിന്റെ പ്രധാന കാരണം, ഉത്തരവാദിത്വങ്ങൾ നമ്മൾ നാട്ടിനും നാട്ടാർക്കും വേണ്ടി അനുഷ്ഠിക്കേണ്ട കാര്യങ്ങളാണ്. പൊതുവെ മെയ്യനങ്ങി പണിയെടുക്കാൻ വിമുഖതയുള്ള സമൂഹത്തിൽ ഡ്യൂട്ടിക്കു എന്തു പ്രസക്തി.

പാശ്ചാത്യ രാജ്യങ്ങളിൽ അഭിപ്രായ സ്വാതന്ത്ര്യം അലംഘനീയമായ ഒരു അവകാശമാണ്. അവിടത്തെ സമൂഹം വ്യക്തി കേന്ദ്രീകൃതമാണ്. അതേസമയം പൗരസ്ത്യ രാജ്യങ്ങളിൽ വിശേഷിച്ചും നമ്മുടെ രാജ്യത്ത് (ഏഷ്യയിൽ) സമൂഹത്തിനാണ് പ്രാധാന്യം. അതുകൊണ്ടാണ് ഇവിടെ ജനങ്ങൾ പ്രജകളും അവിടെ പൗരന്മാരുമായത്. സർക്കാരിനെ (രാജാവിനെ) താങ്ങിനിൽക്കുന്ന പ്രജകൾക്കു

➲

vending machines. Kuoto is a well-planned island city, very famous, that gives evidence how a city should be planned, it was heard. Because of shortage of time, we could not make a visit to this wonderful city.

My uncle told me that life style what we see in the Tokyo city is not the same in the countryside of Japan. There, they live very close to their tradition, culture and heritage.

I was thinking of our Kozhikode city. Traffic jams, accidents, roads with lots of potholes, waste materials scattered every corner, rivers and waterways looking ugly, are spoiling the surroundings. This has become a curse on us.

The above are on observations made by me during my 11 days stay in Tokyo, Japan. We returned to India, our great country, on 24-4-2014 in a Singapore airlines flight. While in flight, I was thinking about our country how beautiful it would look if it were as neat, tidy and disciplined like Japan. If that happen so" SARE JAHAN SE ACHA HINDUSTAN HAMARA".

പ്രത്യേകം അവകാശങ്ങളൊന്നുമില്ല, സമൂഹത്തിനാണ് അവകാശങ്ങളുള്ളത്. ജനാധിപത്യബോധം കൂടിയ സമൂഹങ്ങളിൽ അവകാശങ്ങളൊക്കെ പൗരന്മാർക്കാണ് (ജനത്തിനാണ്). സ്വാതന്ത്ര്യാനന്തരം പുതിയ ഭരണക്രമത്തിൽ നമ്മളും അറിയാതെ പൗരന്മാരായി. അങ്ങനെയൊരു പദവി കിട്ടാൻ വേണ്ടി നമ്മൾ പാകപ്പെട്ടിരുന്നോയെന്നുള്ളകാര്യം അന്ന് ആരും ശ്രദ്ധിച്ചിരുന്നില്ല. ഇനിയിപ്പോൾ 65 വർഷം മുമ്പുനടന്ന ഒരു കാര്യത്തെക്കുറിച്ച് പ്രത്യേകിച്ച് ഒരന്വേഷണത്തിന്റെ കാര്യമില്ലല്ലോ. ആദ്യകാലങ്ങളിൽ ഇതുകൊണ്ട് പ്രത്യേകിച്ച് പ്രശ്നങ്ങളൊന്നും ഇല്ലായിരുന്നു. പക്ഷേ പിന്നീടു അവകാശനിയമങ്ങൾ എടുത്തുപയോഗിച്ചാൽ പല ഗുണങ്ങളും ഉണ്ടെന്നു ജനം മനസ്സിലാക്കി. അങ്ങനെ ഇപ്പോൾ മനുഷ്യാവകാശ കമ്മീഷൻ വരെ ജനത്തിന് ലഭിച്ചു.

ഇതിനിടയ്ക്കാണ് ആവിഷ്കാര- അഭിപ്രായ സ്വാതന്ത്ര്യത്തിന്റെനേർക്ക് ചില പ്രശ്നങ്ങൾ ഫ്രാൻസിലെ ഒരു ഹാസ്യവാരികയിലും തമിഴ്നാട്ടിൽ ഒരു നോവലിന്റെ പേരിലും നടന്നത്, നടക്കുന്നത്. ആദ്യത്തെ സംഭവത്തിൽ ഇസ്ലാമിക് ഭീകരരുടെ ആക്രമണത്തിൽ വാരികയിലെ പത്തോളം ജീവനക്കാർ മരിച്ചു. ഇപ്പോഴും പ്രശ്നം തീർന്നിട്ടില്ല. വളരെ മുന്നെ വേറൊരു പത്രത്തിൽ പ്രസിദ്ധീകരിച്ച പ്രവാചകന്റെ കാർട്ടൂണുകൾ ഈ വാരിക ഇപ്പോൾ പുനഃപ്രസിദ്ധീകരിക്കുകയാണ് ചെയ്തത്. ഇവിടത്തെ തമിഴ്നാട് സംഭവത്തിൽ രണ്ടു വർഷം മുന്നേ പ്രസിദ്ധീകരിച്ച ഒരു നോവലിൽ (അതിന്റെ ഇംഗ്ലീഷ് പരിഭാഷയും പിന്നീട് പ്രസിദ്ധീകരിച്ചിരുന്നു) ഒരു പ്രദേശത്തെ വർഷങ്ങൾക്കു മുമ്പുള്ള ഒരു ആചാരത്തെക്കുറിച്ചുള്ള പരാമർശങ്ങളാണ് പ്രശ്നമായത്. എല്ലാപേർക്കും ആവിഷ്ക്കാര - അഭിപ്രായ സ്വാതന്ത്ര്യം ഉണ്ടെന്നുള്ളത് ശരിയാണ്. ചുറ്റികകൈയ്യിലിരിക്കുന്നതുകൊണ്ട് കാണുന്നതെല്ലാം ആണിയാകില്ലല്ലോ (സാത്രിനോട് കടപ്പാട്).

കല കലയ്ക്കു (കലാകാരന്) വേണ്ടിയാണോ അതോ ആസ്വാദകന് (സമൂഹത്തിന്) വേണ്ടിയാണോയെന്നുള്ള തർക്കം പണ്ടുമുതലേ ഉള്ളതാണ്. അതുടനെയൊന്നും തീരുകയുമില്ല. പക്ഷെ ജനം, കല സമൂഹത്തിനു വേണ്ടിയാണെന്നുള്ള അഭിപ്രായക്കാരാണ്. കാണികളും കേൾവിക്കാരും ഇല്ലെങ്കിൽ കലയ്ക്കു എന്തുപ്രസക്തി. കലാ-സാഹിത്യപരമായ കഴിവെന്നുപറയുന്നത് നൈസർഗ്ഗീകമായ ഒരു ഗുണമാണ്, അത് സമൂഹത്തിൽ വളരെക്കുറച്ചുപേർക്ക് വരദാനമായി കിട്ടുകയുമുള്ളു. അതുകൊണ്ടുതന്നെ അവർക്ക് സമൂഹത്തോടുള്ള ഉത്തരവാദിത്വവും വളരെക്കൂടുതലാണ്. കലാകാരന്മാർ അവരുടെ പ്രതിഭകൾ പ്രകടിപ്പിക്കുമ്പോൾ/ പ്രദർശിപ്പിക്കുമ്പോൾ അത് സമൂഹത്തിന്റെ അപശകുനങ്ങളായി മാറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. വിശേഷിച്ചും മത-ജാതി സമുദായ വികാരങ്ങളെ ഒരിക്കലും ഹനിക്കുന്ന രീതിയിൽ നേരിട്ട് ഒന്നും ചെയ്യരുത്, പരോക്ഷമായ രീതിയിൽ ആചാരങ്ങളെയും അനീതികളേയും ഗുണകരമായ മാറ്റത്തിനുവേണ്ടി കളിയാക്കാം, ചോദ്യം ചെയ്യാം. നമ്മളൊരു സമൂഹജീവികളായതുകൊണ്ടും ഇവിടത്തെ സംസ്ക്കാരത്തിൽ വ്യക്തികളെക്കാളും പ്രാധാന്യം സമൂഹത്തിനായതുകൊണ്ടും ജനത്തിന്റെ വികാരങ്ങൾ മാനിച്ചേമതിയാകൂ. അവിടക്കുറേ വിപ്ലവ വായാടിത്തങ്ങൾ നടത്തിയിട്ട് കാര്യമൊന്നുമില്ല. ആദ്യകാലങ്ങളിൽ ഹിന്ദുമതത്തെ എന്തിനുമേതിനും കളിയാക്കുന്നത് ഇവിടെ ഒരു ഫാഷനായിരുന്നു. അങ്ങനെയാണ് ഈശ്വരൻ അറസ്റ്റിൽ, ഭഗവാൻ കാലുമാറുന്നത് എന്നീ കലാസൃഷ്ടികൾ ഉടലെടുത്തത്. ഇതിനു പിന്നാലെ മറ്റുമതങ്ങളെയും കളിയാക്കാൻ തുടങ്ങി. അപ്പപ്പോൾ കളിമാറി, സമരങ്ങളായി ലാത്തിയടിയായി, ഹർത്താലായി, അങ്ങനെ നിരോധനങ്ങൾ വന്നു. സംഘടിതരല്ലാത്തവരുടെ നേരെ കുതിരകയറുന്നത് കലാകാരന്മാർക്ക് നന്നല്ല. മനസ്സിൽ തോന്നുന്നതെല്ലാം വിളിച്ചുപറയുന്നത് ഒരു സമൂഹജീവിക്ക് ഭൂഷണമല്ല. അപ്രിയസത്യങ്ങൾ കുടുംബത്തിലും സമൂഹത്തിലും പരസ്യമായി പറയരുതെന്നുള്ളതാണ് ഭാരതീയ സംസ്ക്കാരം. ➲

# CONGRATULATIONS !



**Ms. Lamia M.K.** (D/o. Er.Abdul Kalam M., Executive Engineer, Vigilance, KSEBL) has been selected for the P.M. Foundation Fellowship on the academic excellence, positive leadership, creativity and personal integrity.

നമ്മുടെ ചില രാഷ്ട്രീയ പാർട്ടികൾ അവരുടെ രാഷ്ട്രീയ എതിരാളികളെ വീട്ടുതടങ്കലിൽ, ഊരുവിലക്ക്, കയ്യേറ്റം (കൊപാതകങ്ങൾ) വരെ വിധിക്കാറുണ്ട്. പക്ഷെ ഈ പാർട്ടികളുടെ നേതാക്കന്മാർ ചാനൽ ചർച്ചകളിൽ വ്യക്തി- അഭിപ്രായ സ്വാതന്ത്ര്യങ്ങൾക്കുവേണ്ടി ഘോരഘോരം വാദിക്കുന്നത് കാണുമ്പോൾ ജനത്തിന് ചിരിയാണ് വരുന്നത്. ഈ തമിഴ്നാട് വിഷയത്തിൽ നേരത്തെ പറഞ്ഞ എല്ലാ വ്യക്തിസ്വാതന്ത്ര്യ നിഷേധങ്ങളും നടത്തുന്ന പാർട്ടിയുടെ വക്താവ് പറഞ്ഞത് തങ്ങൾ മാത്രമെ ഈ വിഷയത്തിൽ പ്രതികരിച്ചുള്ളുയെന്നാണ്. പുസ്തകങ്ങൾ ഇറങ്ങുന്നതിന് മുമ്പേ അതിനെ വിവാദമാക്കുന്നതു ഇപ്പോൾ തന്നെ ഒരു ശൈലിയാണ്. മാദ്ധ്യമങ്ങൾ അതിന് നല്ല പ്രചാരണവും നൽകും. എഴുത്തുകാരന് നല്ല പ്രസിദ്ധിയും പുസ്തകത്തിന് നല്ല കച്ചവടവും കിട്ടും. ഇപ്പോൾ ഈ പ്രശ്നത്തിൽ തമിഴ്നാട്ടിൽ മാത്രം അറിയപ്പെട്ടിരുന്ന ആൾ ഇപ്പോൾ ദേശീയ ശ്രദ്ധയിൽ എത്തിയില്ലേ. പേരെടുത്ത് പറയുന്ന ഒരു ഗ്രാമത്തിലെ പഴയ ആചാരപ്രകാരം കുട്ടികളില്ലാത്ത ദമ്പതിമാർ അവിടുത്തെ അമ്പലത്തിലെ ഉത്സവത്തിന് വ്യഭിചരിച്ചാണ് ഗർഭം ധരിച്ചിരുന്നതെന്ന് എഴുതുന്നത് ഇന്നത്തെ തലമുറയ്ക്ക് നാണക്കേടല്ലേ / മാനക്കേടല്ലേയെന്നുള്ളതാണ് പ്രസക്തമായ ചോദ്യം. ഇവിടത്തന്നെ പ്രമാദമായ പീഡന കേസുകൾ സ്ഥലപ്പേര് പറഞ്ഞാണല്ലോ മാദ്ധ്യമങ്ങൾ ആഘോഷിക്കുന്നത്. നാട്ടുകാർ അതിനെതിരെ പലപ്പോഴും പ്രതികരിച്ചിട്ടുണ്ടെങ്കിലും ഒരുമാറ്റവും ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് സമൂഹ ജീവിയായ എഴുത്തുകാർക്ക് ഒരു സ്വയം നിയന്ത്രണം ആവശ്യമുണ്ട്. ഗാന്ധിജി പറഞ്ഞതുപോലെ ഓരോ മനുഷ്യരേയും അവരുടെ മതത്തിൽക്കൂടി മനസ്സിലാക്കുക, നമ്മുടേതിൽക്കൂടിയല്ല. നോവലിൽക്കൂടി ഒരു പ്രശ്നം ഉണ്ടാക്കിയിട്ട് ഇനി എഴുത്ത് നിർത്താൻ പോകുന്നൂയെന്നൊക്കെ പറയുന്നത് ഓരോ തന്ത്രങ്ങളാണ്.

# തീപിടുത്തങ്ങൾക്കെല്ലാം കാരണം എങ്ങനെ ഷോർട്ട് സർക്യൂട്ടാകും ?

***Er.*** **ഇ.എം. നസീർ,** *ചിറയിൻകീഴ്*

**എ**വിടെയെങ്കിലും ഒരു തീപിടുത്തമുണ്ടായാൽ മാധ്യമങ്ങൾ ഒന്നടങ്കം കണ്ണടച്ചു പ്രഖ്യാപിക്കും അപകട കാരണം വൈദ്യുതി ഷോർട്ട് സർക്യൂട്ടാണെന്ന്.

മുൻകാലങ്ങളിൽ നിന്നു വളരെയേറെ വ്യത്യസ്തമായി ഷോർട്ട് സർക്യൂട്ടുമൂലമുള്ള അപകടങ്ങളെ പ്രതിരോധിക്കാനുള്ള മുൻകൂർ സംവിധാനം വ്യാപകമായിട്ടുണ്ട്. ഫ്യൂസ് യൂണിറ്റുകളോ സർക്യൂട്ട് ബ്രേക്കറുകളോ ഇല്ലാത്ത ഇൻസ്റ്റലേഷൻസ് ഇല്ലെന്നുതന്നെ പറയാം. ഷോർട്ടുണ്ടാകുന്ന നിമിഷം തന്നെ ഷോർട്ട് സർക്യൂട്ടിലേക്കുള്ള വൈദ്യുതി പ്രവാഹം സ്വയം വിഛേദിക്കപ്പെടും.

പിന്നെയുള്ള അപകടസാദ്ധ്യത ലൂസ് കണക്ഷൻ വഴിയുള്ളതാണ്. ഇതേകുറിച്ച് അധികമാരും ഗൗരവമായെടുത്തില്ലായെന്നതാണ് വസ്തുത. ഏതെങ്കിലും ഉപകരണത്തിലേക്കുള്ള വൈദ്യുതിയുടെ പ്രവാഹപഥത്തിലെ വളരെ നേരിയ വിടവാണ് ലൂസ് കണക്ഷൻ. കേബിളുകളിലെ ജോയിന്റ്കളിലോ സ്വിച്ച് ബോർഡുകൾക്കകത്തോ ഉപകരണങ്ങളുടെ ടെർമിനൽ ബോക്സുകൾക്കകത്തോ ഇതു സംഭവിക്കാം. സാധാരണ പരിശോധനകളിലൊന്നും ഇതു കണ്ടെത്താനായെന്നു വരില്ല.

ഉപകരണങ്ങൾ പ്രവർത്തിക്കുമ്പോൾ അവയിലേക്കുള്ള വൈദ്യുതി പ്രവാഹം, സഞ്ചാര പഥത്തിലൂടെയുള്ള ലൂസ് കണക്ഷനിലൂടെയാകുമ്പോൾ ചിലപ്പോൾ ഉപകരണം വിട്ടുവിട്ടു പ്രവർത്തിക്കും, അങ്ങനെ വരുമ്പോൾ ലൂസ് കണക്ഷനുള്ള ഭാഗത്ത് തീപ്പൊരിയുണ്ടാകും. വിട്ടുവിട്ടല്ലാതെ പ്രവർത്തിക്കുകയാണെങ്കിൽ ലൂസ് കണക്ഷനുള്ള ഭാഗം ചുട്ടുപഴുത്ത് തീക്കനൽ പോലെയാകും. ഉപകരണത്തിലേക്കുള്ള വൈദ്യുതി പ്രവാഹത്തിന്റെ അളവും സമയ ദൈർഘ്യവുമനുസരിച്ചാകും തീയുടെ തീവ്രത. ഇങ്ങനെയുണ്ടാകുന്ന തീ, സമീപത്തുള്ള കത്തിപ്പിടിക്കാൻ സാദ്ധ്യതയുള്ള വസ്തുക്കളിലേക്ക് പടരും. ഇപ്പോഴത്തെ തീ പിടുത്തങ്ങളിലധികവും ഇങ്ങനെയാണ് സംഭവിക്കുകയെങ്കിലും അറിയപ്പെടുന്നത് ഷോർട്ട് സർക്യൂട്ടുനിമിത്തമാണെന്നാണ്. അശ്രദ്ധമായും അനധികൃതമായും സാങ്കേതിക മേന്മയില്ലാത്ത രീതിയിലുള്ളതുമായ താൽക്കാലിക കണക്ഷനുകൾ ഇങ്ങനെ ലൂസ് കണക്ഷനുകൾക്കിടയാകുന്നുണ്ട്. ലൂസ് കണക്ഷൻ അനുഭവപ്പെടുന്ന ഭാഗങ്ങളിൽ തീപ്പൊരികളുണ്ടായെന്നു വച്ച് ഫ്യൂസുകളോ സർക്യൂട്ട് ബ്രേക്കറുകളോ സ്വയം, പ്രവർത്തിച്ച് വൈദ്യുതി വിഛേദിക്കപ്പെടുന്നില്ല.

✵

# പെരിങ്ങൽകുത്ത് ലഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ സ്കീമിലെ പതിനാറ് മെഗാവാട്ട് ജനറേറ്റർ നിർമ്മാണം....

*Er. ജോയി എം. വി.*

**ഷോ**ളയാർ പവ്വർ ഹൗസിൽ നിന്നും പുറത്തുവിടുന്ന വെള്ളം പെരിങ്ങൽകുത്ത് എന്ന സ്ഥലത്ത് പുഴയിൽ തടഞ്ഞു നിറുത്തിയാണ് പെരിങ്ങൽകുത്ത് പഴയ പവ്വർ ഹൗസ് പ്രവർത്തിക്കുന്നത്. ഏതാണ്ട് സോളാർ എനർജിക്ക് സമാനമായി.

പെരിങ്ങൽകുത്ത് ഡാമിന്റെ സ്റ്റോറേജ് കപ്പാസിറ്റി വളരെ കുറവാണ്. കാലവർഷം ശക്തിപ്രാപിക്കുമ്പോൾ ഡാം നിറഞ്ഞുകവിയുന്നു. ഏതാണ്ട് ജൂൺമാസം 15-ാം തീയതി ആകുമ്പോൾ മുതൽ ഡാം തുറന്നിടുന്നു. സാധാരണ ഡാമുകളുടെ ഷട്ടർ ഇഞ്ച് കണക്കിനു തുറക്കുമ്പോൾ പെരിങ്ങൽക്കുത്ത് ഡാമിന്റെ ഷട്ടറുകൾ (ചിലപ്പോൾ എല്ലാ ഷട്ടറുകളും) അടിക്കണക്കിലാണ് തുറക്കുന്നത്. സ്റ്റോറേജ് കപ്പാസിറ്റിയുടെ അത്രവെള്ളം ഒഴുകിപ്പോയ ദിവസങ്ങളും ഉണ്ട്.

കെ.എസ്.ഇ.ബി. യുടെ കണക്കനുസരിച്ച് 100 മെഗാ വാട്ട് ശേഷിയുള്ള മെഷീൻ ജൂൺ 15 മുതൽ ഒക്ടോബർ 30 വരെ പ്രവർത്തിപ്പിക്കുവാനുള്ള വെള്ളം ഓവർ ഫ്ളോ ആയിപ്പോകുന്നു. 1956 മുതൽ എല്ലാ കാലവും തുടർച്ചയായി ഇത്തരത്തിൽ ഊർജ്ജം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പാഴായിപ്പോകുന്ന ഊർജ്ജത്തിൽ നിന്നു ഒരു ഭാഗം ഉപയോഗപ്പെടുത്താനാണു 16 മെഗാ വാട്ട് ശേഷിയുള്ള PLBE ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റ് ഉണ്ടാക്കിയിരിക്കുന്നത്.

1991 ൽ പവ്വർ ഹൗസ് ഉണ്ടാക്കുവാൻ തീരുമാനിച്ചു. മെഷീൻ ഉണ്ടാക്കുവാൻ വേണ്ടി BHEL ന് ഓർഡർ നൽകി. ഇതേ അവസരത്തിൽ KSEB യുടെ സിവിൽ വിഭാഗം അവസരത്തിനൊത്ത് ഉയർന്നു. PEBE യ്ക്കുവേണ്ടി ഒരു ഡിവിഷൻ, മൂന്നു സബ്ഡിവിഷനുകൾ, ആവശ്യത്തിനു സ്റ്റാഫുകൾ വാഹനങ്ങൾ - എല്ലാം സജ്ജീകരിച്ചു. സിവിൽ ജോലികൾ ആരംഭത്തിലേ മുതൽ ഉഷാറായി നടന്നു.

ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ജോലികൾ നിലവിലുള്ള പെരിങ്ങൽകുത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഴയ പവ്വർ ഹൗസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡിവിഷൻ ഓഫീസിലെ HD എന്നിവർക്ക് അധിക ചുമതലയായി നൽകി. പുതിയ പവ്വർ ഹൗസിന്റെ കാര്യങ്ങൾക്കായി സ്വതന്ത്ര ചുമതലയുള്ള ഒരു ഇലക്ട്രിക്കൽ വർക്കർ പോലും ഉണ്ടായിരുന്നില്ല.

ഒരു വർഷത്തിനുശേഷം KSEB ഡെസ്പാനൽ ഇൻസ്ട്രക്ഷൻ നൽകിയാൽ അപ്പോൾ മുതൽ BHELമെറ്റൽ ഭാഗങ്ങൾ അയച്ചുതുടങ്ങും എന്നായിരുന്നു കരാർ. ഓരോ ഭാഗങ്ങളും അയക്കുമ്പോൾ R.R./L.R. എന്നിവ ബാങ്കുവഴി അയക്കുകയും പെയ്മെന്റ് നടത്തിയ യന്ത്രഭാഗങ്ങൾ കൈപറ്റണമെന്നുമായിരുന്നു വ്യവസ്ഥ. റെയിൽവെ വാഗൺ, റെയിൽവെ പാഴ്സൽ, ലോറി പാഴ്സൽ, ഡോർ ഡെലിവറി എന്നീ മാർഗ്ഗങ്ങളിൽ യന്ത്രഭാഗങ്ങളും മറ്റും അയക്കാനായിരുന്നു ധാരണ.

പഴയ പവ്വർ ഹൗസിന്റെ ഒരു എക്സ്റ്റൻഷൻ ആയി പുതിയ പവ്വർഹൗസ് പ്രവർത്തിപ്പിക്കാനായിരുന്നു കെ.എസ്.ഇ.ബി. യുടെ ഉദ്ദേശം (പഴയ പവ്വർ ഹൗസും പുതിയ പവ്വർ ഹൗസും തമ്മിൽ ഏതാണ്ട് 120 മീറ്റർ ദൂരമുണ്ട്). ഒരു ഓപ്പറേറ്റർ മാത്രം രണ്ട് പവ്വർ ഹൗസുകൾക്കുമായി ജോലി ചെയ്യുക. നിർദേവതേ ഛയാ നിദ്രാം കുംഭകർണ്ണോ വൃണീതച

(നിർദ്ദേവത്വം ആഗ്രഹിച്ച കുംഭ കർണ്ണൻ ചോദിച്ചത് നിദ്രേവത്വം - എല്ലായ്പ്പോഴും നിദ്ര - ആണല്ലോ). പവ്വർ ഹൗസ് ഉണ്ടാക്കിക്കഴിയുമ്പോൾ എല്ലാ ഇന്റിക്കേഷനുകളും പഴയ പവ്വർ ഹൗസിൽ കിട്ടണം എന്ന് KSEB പറഞ്ഞപ്പോൾ BHEL അത് സമ്മതിച്ചു. അതനുസരിച്ചായിരുന്നു മെഷീനിന്റെ വിലയും മറ്റും.

മെഷീൻ ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ ഇന്റിക്കേഷനുകൾ പഴയ പവ്വർഹൗസിൽ കിട്ടുന്നുണ്ട്. പക്ഷേ കൺട്രോൾ പുതിയ പവ്വർ ഹൗസിൽ തന്നെയാണ്. BHEL അവരുടെ കരാർ പാലിച്ചു. KSEB യുടെ ഉദ്ദേശം നടന്നതുമില്ല.

പരസ്പര ധാരണയനുസരിച്ച് 1992 മുതൽ BHEL യന്ത്രഭാഗങ്ങൾ അയക്കാൻ തുടങ്ങി. ഭാരപ്പെട്ട യന്ത്രഭാഗങ്ങൾ റെയിൽവെ വാഗൺ വഴി അയക്കുന്നുണ്ടായിരുന്നു. തത്സംബന്ധമായ RR ബാങ്കുവഴി അയച്ച് KSEB യ്ക്ക് അറിയിപ്പും കൊടുത്തിരുന്നു. എന്നാൽ യഥാസമയം പണമടച്ച് RR ബാങ്കിൽ നിന്ന് സ്വീകരിക്കുവാൻ KSEB ശുഷ്കാന്തി കാട്ടിയില്ല. PLBE യ്ക്കുവേണ്ടി ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് സ്വതന്ത്ര ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നില്ല എന്നതാണ് അതിനു പ്രധാന കാരണം.

അങ്കമാലി സ്റ്റേഷനിൽ വാഗൺ എത്തിയാൽ KSEB യെ അവർ അറിയിക്കും. 24 മണിക്കൂറിനുള്ളിൽ വാഗൺ ഒഴിവാക്കി റെയിൽവേ സ്റ്റേഷനിൽ മടക്കി ഏൽപിച്ചില്ലെങ്കിൽ താമസിക്കുന്ന ഓരോ മണിക്കൂറിനും റെയിൽവെ പിഴ ചുമത്തും - ഡമറേജ് എന്ന പേരിൽ.

അങ്കമാലി സ്റ്റേഷനിൽ വരുന്ന വാഗൺ (PLBE യ്ക്ക് വേണ്ടത്) ഇറക്കി വയ്ക്കുവാൻ ആരെയും ഏർപാടു ചെയ്തിരുന്നില്ല. ഡമറേജു പേറിക്കൊണ്ട് വാഗൺ ആഴ്ചകളോളം സ്റ്റേഷനിൽ കിടക്കും. സ്റ്റേഷനിൽ സ്ഥലമില്ലാതാകുമ്പോൾ ഏതോ ഒരു കോൺട്രാക്ടർ യന്ത്രഭാഗങ്ങൾ ഇറക്കിവച്ച് വാഗൺകാലിയാക്കി തിരിച്ചേൽപിക്കും. ഇത്തരത്തിൽ യന്ത്രഭാഗങ്ങൾ ഇറക്കിവച്ച കോൺട്രാകടർക്ക് ഇന്നേവരെ അതിന്റെ കൂലി കൊടുത്ത് തീർന്നിട്ടില്ല). സ്വതന്ത്ര ചുമതലയുള്ള ഒരു ഉദ്യോഗസ്ഥന്റെ അഭാവമാണ് ഇതിനെല്ലാം കാരണം. ഏതാണ്ട് ഒരു വർഷം കൊണ്ട് വാഗൺ വഴി വരേണ്ട മുഴുവൻ യന്ത്രഭാഗങ്ങളും അങ്കമാലിയിലുള്ള KSEB യുടെ സൈഡിങ്ങിൽ ഇറക്കി വച്ചു.റെയിൽവേയ്ക്ക് ഡമറേജ് ഇനത്തിൽ 12 ലക്ഷം കൊടക്കേണ്ടതായും ഉണ്ടായിരുന്നു.

മഴയും വെയിലും കൊള്ളാതെ എയർ കണ്ടീഷൻ ചെയ്ത മുറിയിൽ ഇരിക്കേണ്ടതുമായ സൂക്ഷ്മങ്ങളായ യന്ത്രഭാഗങ്ങൾ പ്രകൃതി സൗന്ദര്യം ആവോളം ആസ്വദിച്ച് അങ്കമാലിയിലുള്ള ഓപ്പൺ യാർഡിൽ രണ്ടുവർഷം വിശ്രമിച്ചു.

ചില യന്ത്രഭാഗങ്ങൾ ഡോർഡെലിവറിയായി അയച്ചിരുന്നു. പെരിങ്ങൽകുത്തിലുള്ള പഴയ പവ്വർ ഹൗസിന്റെ സർവ്വീസ് ബെയിൽ അവ ഇറക്കിവച്ചു. സർവ്വീസ് ബേ നിറഞ്ഞപ്പോൾ പിന്നീടുവന്ന യന്ത്രഭാഗങ്ങൾ സ്വീകരിക്കാതെ തിരിച്ചു വിട്ടു. പാഴ്സൽ സർവ്വീസുകാർ ലോറി തിരിച്ച് അവരുടെ കളമശ്ശേരി, അങ്കമാലി, ചാലക്കുടി തുടങ്ങിയ സ്ഥലങ്ങളിലുള്ള ഗോഡൗണുകളിൽ ചരക്കുകൾ ഇറക്കി വച്ചു.

സ്റ്റേറിങ്ങ്, ടർബൈൻ, execution Panel തുടങ്ങിയ യന്ത്രഭാഗങ്ങൾ ലോറിയിൽ നിന്ന് ഇറക്കിയ വിചിത്രമായ രീതി പാഴ്സൽ ഓഫീസുകാർ പിന്നീടൊരിക്കൽ വിവരിച്ചു തന്നു. ലോറി പുറകോട്ടെടുത്ത് ഗോഡൗണിന്റെ മൂലയിൽ കൊണ്ടുവരും. അവിടെ ഒരു പ്ലാവ് നിൽപുണ്ട്. ഒരു സ്റ്റീൽ റോപ്പ് ഉപയോഗിച്ച് യന്ത്രഭാഗം പ്ലാവിലേക്ക് വലിച്ചുകെട്ടും. ലോറി പതിയെ മുന്നോട്ടെടുക്കും. യന്ത്രഭാഗം നിരങ്ങി ലോറിയുടെ അറ്റത്ത് എത്തുമ്പോൾ തലയും കുത്തിതാഴെവീഴും. ക്രോബാർ ഉപയോഗിച്ച് അത് തള്ളിനീക്കി ഒരു മൂലയിൽ കൊണ്ടിടും, as is where is കണ്ടീഷനിൽ. പാഴ്സൽ ഓഫീസിൽ കൂട്ടിയിടുന്ന യന്ത്രഭാഗങ്ങൾക്കും മഴയും വെയിലും കൊണ്ട് കിടക്കാൻ തന്നെയാണ് യോഗം.

ഡ്രോയിങ്ങുകൾ, ബുക്ക്‌ലെറ്റുകൾ തുടങ്ങി ചില സാധനങ്ങൾ റെയിൽവെ പാഴ്‌സൽ വഴി അയച്ചിരുന്നത് എടുത്ത് പെരിങ്ങൽകുത്ത് ഡിവിഷൻ ഓഫീസിൽ കൊണ്ടു വച്ചു. (പെരിങ്ങൽകുത്തിലുള്ള ചിതലുകൾക്കും എന്തെങ്കിലും തിന്നു ജീവിക്കണമല്ലോ)

ആഴ്ചകളും മാസങ്ങളും വർഷങ്ങളും കടന്നുപോയി. 1994 ൽ PLBE യുടെ പണികൾക്കുവേണ്ടി സ്വതന്ത്ര ചുമതലയുള്ള ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയും ഒരു AEയും, ഒരു SE എന്നിവരേയും നിയമിച്ചു. ഓമനത്തമുള്ള ഒരു പേരും നൽകി. ഇറക്ഷൻ സബ് ഡിവിഷൻ, പെരിങ്ങൽകുത്ത്.

അപ്പോൾ KSEB യ്ക്ക് തോന്നി യന്ത്രഭാഗങ്ങൾ സൂക്ഷിക്കാൻ ഒരു സ്റ്റോർ, കൈകാര്യം ചെയ്യാൻ മെഷിനറി എന്നിവ വേണമെന്ന്. സിവിൽവിങ്ങിന്റെ അശ്രാന്ത പരിശ്രമം വഴി ഒരു സ്റ്റോർ ഉണ്ടായി. ട്രേഡ് വർക്ക് ചെയ്ത ഒരു ഷെഡ്ഡ് കൈകാര്യം ചെയ്യാനുള്ള മെഷീനറിയായി 3 ടൺ ശേഷിയുള്ള ഒരു ചെയിൻ ബ്ലോക്കും. ചെയിൻ ബ്ലോക്ക് കൊളുത്തിയിടുവാനുള്ള ബീമിൽ ചെയിൻ ബ്ലോക്ക് തൂക്കിയിട്ടപ്പോൾ അതിന്റെ dead weight കൊണ്ട് ബീം വളഞ്ഞുപോയി. ആ ചെയിൻ ബ്ലോക്ക് ഉപയോഗിക്കാനും സാധിച്ചില്ല.

ബാങ്ക് വഴി അയച്ച LR,RR എന്നിവ അവിടെത്തന്നെ ഇരുന്നു. കുറേ കാത്തിരുന്നിട്ടും KSEB പണമടച്ച് LR/RR കൾ വാങ്ങാതിരുന്നതിനാൽ ബാങ്കുകാർ BHEL മായി ബന്ധപ്പെട്ടു. പണം തന്നില്ലെങ്കിലും LR/RR എന്നിവ KSEB യ്ക്ക് കൈമാറാനും ബാങ്കിന്റെ സർവ്വീസ് ചാർജ് KSEB യിൽ നിന്നു വാങ്ങാനും BHEL നിർദ്ദേശിച്ചു. അങ്ങനെ ബാങ്ക് സർവ്വീസ് ചാർജ് മാത്രം നൽകിയ യന്ത്രഭാഗങ്ങൾ KSEB കൈവശമാക്കി.

ഇറക്ഷൻ സബ്ഡിവിഷന്റെ ആദ്യത്തെ പണി, അങ്കമാലി യാർഡിലുള്ള യന്ത്രഭാഗങ്ങൾ പെരിങ്ങൽകുത്ത് സൈറ്റിലെത്തിക്കുക എന്നതായിരുന്നു. ബാങ്കിൽ നിന്നും ലഭിച്ച RR/LR എന്നിവയുടെ കെട്ട് AEE യെ ഏൽപ്പിച്ചു. BHEL അയച്ചുതന്ന യന്ത്രഭാഗങ്ങളുടെ ഒരു ലിസ്റ്റും കിട്ടിയിരുന്നു.

ആദ്യം അങ്കമാലി റെയിൽവേ സ്റ്റേഷനിൽ ചെന്ന് RR ഒറിജിനൽ നൽകി യന്ത്രഭാഗങ്ങൾ കൊണ്ടു പോകുന്നതിനുള്ള അനുവാദം ചോദിച്ചു. യന്ത്രഭാഗങ്ങൾ ഇനികൊണ്ടുപോകാം. പക്ഷേ പിഴയൊടുക്കണം. ഡമറേജ് ഇനത്തിൽ 12,43,812 രൂപ പണമായി റെയിൽവേയിൽ അടച്ചാലേ സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള അനുമതി ലഭിക്കൂ. ഡമറേജ് ഒഴിവാക്കിത്തരാനുള്ള ആവശ്യം അങ്കമാലി റെയിൽവേസ്റ്റേഷൻ അധികാരികൾ അനുവദിച്ചില്ല. റെയിൽവെ ഉന്നതാധികാരികളുമായി K.S.E.B. യുടെ ഉന്നതാധികാരികൾ കത്തിടപാടുകൾ നടത്തിയിട്ടും ഡമറേജ് ഒഴിവാക്കികിട്ടിയില്ല. ഡമറേജ് നൽകാതെ യന്ത്രസാമഗ്രികൾ വിട്ടുനൽകില്ലെന്ന് റെയിൽവെ ഉറപ്പിച്ചു പറഞ്ഞു.

ഡെലിഗേഷൻ ഓഫ് പവ്വേഴ്സ് അനുസരിച്ച് ഇത്രയും ഭീമമായ ഒരു ഡമറേജ് അനുവദിക്കുവാൻ ബോർഡിനു മാത്രമേ സാധിക്കൂ. അനുമതി നൽകിയാൽ ഓഡിറ്റുകാരുടെയും മറ്റും കണ്ണുരുട്ടലുമുണ്ടാകും. ഇതറിയാവുന്ന അന്നത്തെ തൃശ്ശൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പ്രായോഗികമായ ഒരു തന്ത്രം പ്രയോഗിച്ചു. ആ തന്ത്രം പ്രയോഗിച്ചില്ലായിരുന്നെങ്കിൽ PLBE യുടെ യന്ത്രഭാഗങ്ങൾ അങ്കമാലി റെയിൽ യാർഡിൽ കിടന്ന് തുരുമ്പെടുത്ത് ഉപയോഗ ശൂന്യമായിപ്പോകുകകയേ ഉണ്ടായിരുന്നുള്ളു. PLBE എന്ന സ്വപ്നം എന്നന്നേയ്ക്കുമായി ഇല്ലാതാകുകയും ചെയ്യുമായിരുന്നു. ഉൽപ്പാദനം തുടങ്ങി ആദ്യവർഷം 8 കോടി യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ച് തുടർന്നും ഊർജ്ജം ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രോജക്റ്റ് ആണ് ഇല്ലാതാകുമായിരുന്ന പ്രോജക്റ്റ്.

റെയിൽവേയ്ക്ക് ഡമറേജ് നൽകാനുള്ള മൊത്തം തുകയുടെ കണക്ക് കൃത്യമായി എടുപ്പിച്ചു. കൂട്ടിനോക്കിയപ്പോൾ തുക 12,43,812

രൂപ. AEE യെക്കൊണ്ട് ഇത്രയും തുക ഒരു സ്പെഷ്യൽ കാഷ് അഡ്വാൻസായി എടുപ്പിച്ചു. ഭീമമായ ഒരു റിസ്ക്. അന്നേയ്ക്ക് അന്ന് ചെക്ക് മാറി തുക മുഴുവനുമായി റെയിൽവെയിൽ ഏൽപ്പിച്ചു രശീതി വാങ്ങി. അടുത്ത ദിവസം തന്നെ Cash advance close ചെയ്ത് M. Book ഉം മറ്റും സർക്കിൾ ഓഫീസിൽ ഏൽപ്പിച്ചു.

കാഷ് അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തു കിട്ടിയില്ല. Outstanding cash advance ഓഫീസർമാരുടെ പേരുവിവരം എല്ലാമാസവും സർക്കിൾ ഓഫീസിൽ നിന്നും അയച്ചുകൊണ്ടിരുന്നു. അതിൽ ഒന്നാം റാങ്കുകാരനായി PEBE ഇറക്ഷൻ AEE സ്ഥലം പിടിച്ചു. ഏതാണ്ട് 2 വർഷം ഒന്നാം റാങ്ക് maintain ചെയ്തു. തന്റേതല്ലാത്ത കാരണങ്ങളാൽ NLC എന്ന് ബോദ്ധ്യപ്പെട്ട AEE വാലിൽ തീ പിടിച്ച പോലെ ഓട്ടം തുടങ്ങി. രണ്ടു വർഷത്തിനു ശേഷം ഭാഗ്യംകൊണ്ട് Cash advance Adjust ചെയ്തുകിട്ടി. ഡമറേജ് എന്ന വസ്തു ഇപ്പോഴും ഗതികിട്ടാ പ്രേതം പോലെ അലയുന്നുണ്ടായിരിക്കണം.

L.R. (ലോറി റസീപ്റ്റ് )കൊണ്ട് പാഴ്സൽ ഓഫീസുകളിൽ ചെന്നപ്പോൾ എല്ലാ പാഴ്സൽ ഓഫീസുകളിലും ഡമറേജ് (സൂക്ഷിപ്പു വാടക) കുമിഞ്ഞു കൂടിയിട്ടുണ്ടായിരുന്നു. പ്രൈവറ്റ് പാഴ്സൽ സർവ്വീസുകാരുമായി BHEL ഒരു ധാരണ ഉണ്ടാക്കിയിട്ടുണ്ട്. BHEL മായി ബന്ധപ്പെട്ട പാഴ്സലുകൾക്ക് ഡമറേജ് ചുമത്താൻ പാടില്ല. ഈ ധാരണയുടെ അടിസ്ഥാനത്തിൽ പാഴ്സൽ ഓഫീസിൽ നിന്നുള്ള യന്ത്രഭാഗങ്ങൾ വിട്ടുതന്നു. പാഴ്സൽ ഓഫീസുകളിൽ നിന്നുള്ള യന്ത്രഭാഗങ്ങളെല്ലാം KSEB യുടെ ലോറികളിൽ സൈറ്റിലെത്തിച്ചു.

അങ്കമാലി യാർഡിൽ ചെന്നു നോക്കിയപ്പോൾ കുറേ മരപ്പെട്ടികൾ ചിതലരിച്ചും പൊട്ടിപൊളിഞ്ഞും അങ്ങിങ്ങായി കിടക്കുന്നതുകണ്ടു. അവ്യക്തമായി ചില പെട്ടികളിൽ BHEL എന്നുകണ്ടത് BHEL അയച്ചുതന്ന പാക്കിങ് ലിസ്റ്റുമായി ഒത്തുനോക്കി PLBE.യ്ക്ക് വേണ്ടിയുള്ള യന്ത്രഭാഗമാണെന്നു ഉറപ്പുവരുത്തി. തിരിച്ചറിഞ്ഞവയ്ക്ക് PLBE യുടെ ക്രമനമ്പർ 1,2,3 എന്നിങ്ങനെ മഞ്ഞ നിറത്തിൽ എഴുതിവച്ചു. ഏതാണ്ട് ഒന്നരമാസം കൊണ്ട് PLBE യ്ക്ക് വേണ്ടി ഇറക്കിവച്ചിരിക്കുന്ന 95 ശതമാനം ഭാഗങ്ങളും കണ്ടുപിടിച്ചു. പിന്നേയും കണ്ടുപിടിക്കാൻ യാതൊരു ഐഡന്റിറ്റിയും ഉണ്ടായിരുന്നില്ല. യാർഡിൽ ഉടമസ്ഥരില്ലാതെ അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്ന ഭാഗങ്ങൾ PLBE യുടെ ആയിരിക്കും എന്ന വിശ്വാസത്തിൽ മഞ്ഞപ്പെയിന്റ് കൊണ്ട് അവയും PLBE എന്നു മാർക്കു ചെയ്തു ചത്തതു കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ എന്ന തത്വ പ്രകാരം. പിൽക്കാലത്ത് പെരിങ്ങൽകുത്ത് സൈറ്റിലെത്തിച്ച ചില യന്ത്രഭാഗങ്ങൾ മറ്റു ചില പ്രോജക്ടുകൾക്കുവേണ്ടിയായിരുന്നു എന്നു തിരിച്ചറിഞ്ഞത് അവരവർക്ക് മടക്കിക്കൊടുത്തു. BHEL സപ്ലൈ ചെയ്തവയിൽ, സ്ഫിറിക്കൽ വാൽവിന്റെ രണ്ടു ഭാഗങ്ങൾ തമ്മിൽ യോജിപ്പിക്കുന്ന 1 മീറ്റർ നീളമുള്ള സ്റ്റീൽ കൊണ്ടു നിർമ്മിച്ച ഒരു സ്റ്റഡ് മാത്രമാണ് നഷ്ടപ്പെട്ടിട്ടുള്ളത്. അങ്കമാലിയുള്ള ഒരു ട്രാൻസ്പോർട്ടിങ്ങ് കോൺട്രാക്ടർക്ക് യന്ത്രഭാഗങ്ങൾ അങ്കമാലിയിൽ നിന്ന് പെരിങ്ങൽകുത്ത് സൈറ്റിൽ ഇറക്കി വയ്ക്കാൻ കരാർ കൊടുത്തു. PLBE യ്ക്ക് വേണ്ടി നിർമ്മിച്ച ചെയിൻ ബ്ലോക്കിൽ യന്ത്രഭാഗങ്ങൾ ഒന്നും ഇറക്കാൻ കഴിഞ്ഞില്ല. അവസാനം, വാഹനങ്ങൾ മറിഞ്ഞാൽ കയറ്റിക്കൊടുക്കുന്ന മൊബൈൽ ക്രെയിൻ ഉപയോഗിച്ചാണ് യന്ത്രഭാഗങ്ങൾ സൈറ്റിൽ ഇറക്കിയത്. യന്ത്രഭാഗങ്ങൾ കയറ്റിക്കൊടുക്കുവാനായി അങ്കമാലി യാർഡിലുള്ള KSEB യുടെ ക്രെയിനും ഉപയോഗപ്പെടുത്തി.

BHEL ന്റെ നിർദ്ദേശമനുസരിച്ച് ഓരോ യന്ത്രഭാഗങ്ങളും എങ്ങനെ ഇറക്കണം, സ്ലിങ്ങ് എവിടെ ഉപയോഗിക്കണം, പ്രിസർവ് ചെയ്യേണ്ടത് എങ്ങിനെ, കാലാവധി കഴിഞ്ഞാൽ റീ പ്രിസർവു ചെയ്യേണ്ടത് എങ്ങിനെ (ജേണൽ, കോളർ തുടങ്ങി സൂക്ഷ്മ പ്രതലങ്ങൾ ബീറ്റുമിൻ പെയിന്റ് രണ്ട് കോട്ട് അടിച്ച് അതിനുമുകളിൽ ജലാംശവും വായു സമ്പർക്കവും ഉണ്ടാ

കാത്ത തരത്തിൽ സീൽ ചെയ്യണം. ആറു മാസം കഴിഞ്ഞാൽ, ഉള്ള പ്രിസർവേഷൻ മാറ്റി പുതിയതായി റീപ്രിസർവു ചെയ്യണം) സൂക്ഷി ക്കേണ്ടത് എങ്ങിനെ, കൈകാര്യം ചെയ്യേണ്ട തെങ്ങനെ എന്നെല്ലാം നിഷ്കർഷിച്ചിട്ടുണ്ട്. അതിനനുസരിച്ച് Training ഉം കൊടുത്തിരി ക്കണം. എന്നാൽ അങ്ങനെ training കിട്ടിയവർ ഫീൽഡിൽ ഉണ്ടായിരുന്നില്ല. ഇതൊന്നും ശ്രദ്ധിക്കാതെ രണ്ടുവർഷമായി തുറസ്സായ സ്ഥ ലത്ത് ദിഗംബരരായികിടന്ന പല യന്ത്രഭാഗ ങ്ങളും കാര്യമായ അറ്റകുറ്റപ്പണികൾ നടത്തേ ണ്ടിവന്നു; പലതും ഉപയോഗശൂന്യമായി.

റിലെ, കോൺടാക്റ്റുകൾ, മീറ്ററുകൾ ഇലക്ട്രോണിക് ഘടകങ്ങൾ എന്നിവയുള്ള, എയർ കണ്ടീഷൻ ചെയ്ത മുറിയിൽ വിശ്രമി ക്കേണ്ട പാനലുകൾ എല്ലാം കിടന്നിരുന്നത് മഴ നനഞ്ഞും വെയിലേറ്റുമാണ്. പാനലിലെ തക രപ്പെട്ടി ഒഴികെ മറ്റെല്ലാം റീ പ്ലേയ്സ് ചെയ്യേ ണ്ടിവന്നു. തുരുമ്പു പിടിച്ച നട്ട്, ബോൾട്ട് സ്റ്റഡ്, പ്ലേറ്റുകൾ തുടങ്ങി എല്ലാ ഇരുമ്പു ഘടകങ്ങളും Recondition ചെയ്യേണ്ടതായി വന്നു. ഇതിനായി പ്രത്യേകം കോൺട്രാക്റ്റ് തന്നെ ഉണ്ടാക്കി.

അങ്കമാലിയാർഡിൽ പരന്നുകിടന്നി രുന്ന യന്ത്രഭാഗങ്ങൾ ഇപ്പോൾ പെരി ങ്ങൽകുത്ത് സൈറ്റിലാണ് കുമിഞ്ഞുകൂടിക്കി ടക്കുന്നത്. PLBE യുടെ സ്റ്റോറിൽ അവ ഒതു ക്കിവയ്ക്കണം. കൈകാര്യം ചെയ്യുവാനായി ആകെ ഉണ്ടായിരുന്ന യന്ത്രം മൂന്നുടൺ ചെയിൻ ബ്ലോക്ക് മാത്രമാണ്.

ചാലക്കുടിയിൽ ചെന്ന് മൂന്ന് ക്രോബാ റുകൾ വാങ്ങി. ഭാരപ്പെട്ട ജോലികൾ ചെയ്ത് പരിചയമുള്ള പത്ത് പണിക്കാരേയും സംഘ ടിപ്പിച്ച് പെരിങ്ങൽകുത്തിൽ വന്ന് രണ്ടാ ഴ്ചത്തെ അദ്ധ്വാനം കൊണ്ട് (മാനുവൽ ആയി) ചെറിയ പെട്ടികൾ സ്റ്റോറിനകത്തും വലിയ ഭാഗങ്ങൾ ഷെഡ്ഡിനു വെളിയിലും അടുക്കി വച്ചു; സ്ഥാനം പാർക്കിങ്ങ് ലിസ്റ്റിൽ രേഖപ്പെ ടുത്തുകയും ചെയ്തു. ഷെഡിനു പുറത്ത് പ്രതി ഷ്ഠിച്ചിരിക്കുന്ന യന്ത്രഭാഗങ്ങൾ മഴയും വെയിലും കൊള്ളാതിരിക്കാൻ ട്രസ്സ് ഉണ്ടാക്കി സംരക്ഷിച്ചു.

യന്ത്രഭാഗങ്ങൾ യഥാസ്ഥാനത്ത് പ്രതി ഷ്ഠിക്കുവാനുള്ള ഇറക്ഷൻ കോൺട്രാക്റ്റ് കൊടുത്തിരുന്നില്ല. കോൺട്രാക്ടറെ തീരുമാ നിച്ചിരുന്നു. ടെലഫോൺ മുഖാന്തരം കോൺട്രാക്ടറെ ബന്ധപ്പെട്ട് ജോലി ആരംഭി ക്കുവാൻ വാക്കാൽ നിർദ്ദേശം നൽകി. രേഖാ മൂലമുള്ള ഉത്തരവ് പിന്നെയും രണ്ടുമാസം കഴി ഞ്ഞാണ് നൽകിയത്.

അപ്പോഴാണ് ഇറക്ഷൻ സൂപ്പർ വൈസ് ചെയ്യാനായി BHEL എഞ്ചിനീയർമാർ വേണം എന്ന് ബോർഡിന് ഓർമ്മ വന്നത്. ടെല ഫോൺ മുഖാന്തരം ഉന്നതങ്ങളിൽ ഇടപെട്ട് BHEL എഞ്ചിനീയറെ വരുത്തി.

BHEL എഞ്ചിനീയർ വന്നപ്പോൾ അവർക്കുള്ള താമസ സൗകര്യം, ഫീൽഡ് ഓഫീസ്, ഫീൽഡ് ഓഫീസ് സ്റ്റാഫ് ടെല ഫോൺ, Fax, വാഹനം എന്നിവ ഏർപ്പാടാക്കി യിട്ടില്ല എന്നു മനസ്സിലാക്കിയത്. BHEL ആയുള്ളകരാർ പ്രകാരം പ്രസ്തുത സൗകര്യ ങ്ങൾ ഏർപ്പെടുത്തേണ്ടത് KSEB യാണ്.

മേൽപറഞ്ഞ ആവശ്യങ്ങൾ ഇറക്ഷൻ സബ്ഡിവിഷൻ രൂപപ്പെട്ടപ്പോൾ മുതൽ ആവ ശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. ബോർഡ് അന്ന് ആ ആവശ്യങ്ങൾ ചെവിക്കൊണ്ടില്ല.

പെരിങ്ങൽകുത്ത്,I.Bയിലുള്ള രണ്ടാം നമ്പർ മുറിയിൽ BHEL സൂപ്പർ വൈസർക്ക് താമസ സൗകര്യം ഏർപ്പെടുത്തി. കാലിയായി പെരിങ്ങൽകുത്ത് കോളനിയിലുണ്ടായിരുന്ന ഒരു C type ക്വാർട്ടേഴ്സ് അത്യാവശ്യമിനുക്കു പണികൾ നടത്തി ഒരു മാസത്തിനുശേഷം സൂപ്പർ വൈസർക്ക് താമസത്തിനായി കൊടു ത്തു.

കോൺട്രാക്റ്റ് വ്യവസ്ഥയിൽ വാഹനം ഏർപ്പാടാക്കുന്ന സംവിധാനം അന്ന് KSEB യിൽ നടപ്പാക്കിയിരുന്നില്ല. മൂലമറ്റം പവ്വർ ഹൗസിൽ വയോധികനായി കിടന്നിരുന്ന KCT 8122 എന്ന അമ്പാസിഡർകാർ PLBE യ്ക്കായി വിട്ടുകിട്ടി. ഒരു കോൺട്രാക്റ്റ് ഡ്രൈവറെ ഏർപ്പാടാക്കി BHEL ന്റെ വാഹന പ്രശ്നം അവ

സാനിപ്പിച്ചു. പഴയ പവ്വർ ഹൗസിനോടു ചേർന്നുള്ള ഒരു temporary ഷെഡ് മിനുക്കിയെടുത്ത് BHEL സൂപ്പർ വൈസർക്ക് ഫീൽഡ് ഓഫീസായും നൽകി. ടെലഫോൺ, Fax എന്നിവ പെരിങ്ങൽകുത്ത് (Forest area) എന്ന സ്ഥലത്ത് സാങ്കേതികമായി ലഭ്യമല്ല എന്നു BHEL നെ ബോദ്ധ്യപ്പെടുത്തി ആ പ്രശ്നവും തീർത്തു. ഫീൽഡ് ഓഫീസിലേയ്ക്ക് വേണ്ട സ്റ്റാഫിനെ BHEL തന്നെ ഏർപ്പാടാക്കി അങ്ങനെ ആ പ്രശ്നവും തീർന്നു. BHEL സൂപ്പർ വൈസർ മലയാളിയായിരുന്നു; അദ്ദേഹത്തിന്റെ പരിപൂർണ്ണ സഹകരണവുമുണ്ടായിരുന്നു.

ഷെഡ്ഡിലും പരിസരങ്ങളിലും വച്ചിരുന്ന യന്ത്രഭാഗങ്ങൾ BHEL സൂപ്പർവൈസർ പരിശോധിച്ചു. ഒട്ടുമിക്ക ഭാഗങ്ങളും റിപ്പയർ ചെയ്യേണ്ടതുണ്ടായിരുന്നു. തുരുമ്പ് മാറ്റുക, വളവുതീർക്കുക, ചരിവുശരിയാക്കുക എന്നീ ജോലികൾ ഒരു Extra work ആയി ഇറക്ഷൻ കോൺട്രാക്ടർക്ക് നൽകി.

സിവിൽ വിഭാഗത്തിനും ഇലക്ട്രിക്കൽ വിഭാഗത്തിനും പൊതുവായി ഒരു പ്രോജക്റ്റ് മാനേജരുടെ ആവശ്യകത ഉണ്ടായിരുന്നു. തീരുമാനങ്ങൾ എടുത്ത് പെട്ടെന്നുതന്നെ പരിഹരിക്കുവാൻ വിപുലമായ അധികാരമുള്ള ഒരു പ്രോജക്റ്റ് മാനേജരാണ് വേണ്ടിയിരുന്നത്. നിർഭാഗ്യവശാൽ KSEB യിൽ അത്തരം സംവിധാനമില്ല.

ഇതിനുപരിഹാരമായി എല്ലാ ബുധനാഴ്ചകളിലും കാലത്ത് 10 മണി മുതൽ ഇലക്ട്രിക്കൽ വിഭാഗവും സിവിൽ വിഭാഗവും ആയ എല്ലാ ഓഫീസർമാരും സിവിൽ, ഇലക്ട്രിക്കൽ കോൺട്രാക്ടർമാരും ചേർന്ന് ഒരു conference നടത്തിയിരുന്നു. ഓരോ വിഭാഗത്തിന്റെയും പ്രശ്നങ്ങളും പരിഹാരങ്ങളും കോൺഫ്രൻസുകളിൽ തീർപ്പാക്കിയിരുന്നു. വളരെ Smooth ആയി Mechanical Erection പുരോഗമിച്ചുകൊണ്ടിരുന്നു.

PLBE മെഷീൻ ആധുനിക രീതിയിലുള്ള എക്സിറ്റേഷൻ സിസ്റ്റമാണ് ഉപയോഗിച്ചിരിക്കുന്നത്. എട്ട് പാനലുകൾ - അതിൽ മുഴുവൻ ഇലക്ട്രേണിക്ക് ബോർഡുകൾ, Push സ്വിച്ചുകൾ, കോൺടാക്ടുകൾ, മീറ്ററുകൾ, ഇന്റിക്കേറ്ററുകൾ ഇവ നിരനിരയായി വച്ചിരിക്കുന്നു. ഇത്തരം പാനലുകളാണ് മഴയും വെയിലുമേറ്റ് അങ്കമാലി പി.സി. സ്റ്റോറിൽ മാസങ്ങളോളം കിടന്നിരുന്നത്. ഗവർണർ സിസ്റ്റവും ആധുനിക രീതിയിലുള്ളതാണ്. അതിന്റെ മൂന്നു പാനലുകളും ഏതാണ്ട് മുഴുവനായി ചെയ്യേണ്ടിവന്നു. ഇതിനായി വേറെ പ്രത്യേകം കോൺട്രാക്റ്റ് കൊടുക്കേണ്ടിവന്നു.

പാനലുകൾ സപ്ലൈ ചെയ്തപ്പോൾ spare Electronic card കൾ ഒരു സെറ്റും BHEL തന്നിരുന്നു. അതും rework ചെയ്യുന്ന സമയത്ത് ഉപയോഗിക്കേണ്ടിവന്നു. വിത്തുകുത്തി ചോറുണ്ണുന്ന പോലെ.

റണ്ണർ, കോളർ തുടങ്ങിയ ഭാരമുള്ളതും എന്നാൽ വളരെ Precision ആയതുമായ യന്ത്രഭാഗങ്ങൾ പാലക്കാട് ഇൻസ്ട്രുമെന്റേഷനിലും മറ്റും കൊണ്ടുപോയി repair ചെയ്യേണ്ടിവന്നു.

അത്ഭുതമെന്നു പറയട്ടെ 1999 ഏപ്രിൽ മാസം PLBE 16 മെഗാവാട്ട് മെഷീൻ ഉദ്ഘാടനം ചെയ്തു. അന്നത്തെ മുഖ്യമന്ത്രി തന്നെ ഉദ്ഘാടനത്തിന് എത്തിയിരുന്നു. ഉദ്ഘാടനം കഴിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞപ്പോൾ Teething Trouble തുടങ്ങി. Corner പണിമുടക്കി. പാനൽ തുറന്നു നോക്കിയപ്പോൾ ഒരു ഇലക്ട്രോണിക് ബോർഡിൽ ചുവപ്പ് ഇന്റിക്കേറ്റർ കാണുന്നു. ചുവപ്പ് ഇന്റിക്കേറ്റർ കാണുന്ന ബോർഡ് മാറ്റി സ്പെയർ ബോർഡ് സ്ഥാപിച്ചാൽ പ്രശ്നം തീരും. പക്ഷേ സ്പെയർ ഉണ്ടായിരുന്നത് എടുത്താണ് ഗവർണർ ആദ്യമേ തന്നെ ശരിയാക്കിയത്.

സ്പെയർ ബോർഡുണ്ടെങ്കിലേ മെഷീൻ പ്രവർത്തിപ്പിക്കുവാൻ പറ്റൂ. സ്പെയർ കിട്ടുവാൻ ഡ്രാഫ്റ്റും കൊണ്ട് (1,50,000 രൂപ) BHEL ബാംഗ്ളൂരിൽ എത്തിയാൽ മതി. കാർഡ് റെഡിയാണെങ്കിൽ കയ്യോടെ കൊണ്ടുപോരാം.

➲

കേടുവന്ന കാർഡ് എടുത്ത് ഘടകങ്ങൾ പരിശോധിച്ചപ്പോൾ പ്രാദേശികമായി ലഭ്യമായ IC 741,555,7812, 4077 എന്നിവയും വിവിധ മൂല്യങ്ങളുള്ള റസിസ്റ്റൻസുകളും കപ്പാസിറ്റുകളും ആണെന്നു മനസ്സിലായി. എല്ലാ ഘടകങ്ങളുടേയും പേരും ആവശ്യത്തിന്റെ ഇരട്ടി എണ്ണവും കുറിച്ചെടുത്തു. നേരെ വിട്ടു എറണാകുളം റോണി ഇലക്ട്രോണിക്സിലേക്ക്. എല്ലാ ഘടകങ്ങളും ആവശ്യത്തിന് ഉപകരണങ്ങളും (സോൾഡറിങ്ങ് അയൺ, ലെഡ്സക്കർ) വാങ്ങി. എല്ലാംകൂടെ 2000 രൂപയിൽ താഴെ. പെരിങ്ങൽ കൂത്ത് തിരിച്ചെത്തി അന്നുതന്നെ കേടായിക്കിടന്ന ഇലക്ട്രോണിക് കാർഡ് റിപ്പെയർ ചെയ്തു. മെഷീൻ പ്രവർത്തിപ്പിച്ചു. ഒന്നരലക്ഷവും ഒരാഴ്ചയും വേണ്ടിടത്ത് 2000 രൂപയും 1 ദിവസവും കൊണ്ട് കാര്യം നടത്തി. പ്രസ്തുത പ്രവൃത്തിയെ പ്രകീർത്തിച്ചുകൊണ്ട് അന്നത്തെ തൃശ്ശൂർ ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ ഒരു അപ്രീസിയേഷൻ ലെറ്റർ തന്നു.

മെഷീൻ ഫുൾലോഡിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. പെട്ടെന്നൊരു ദിവസം മെഷിൻ Trip ആയി. PRV ഓപ്പണായി. കൺട്രോൾ മുറിയിലിരുന്നാൽ പോലും ചെകിടടപ്പിക്കുന്ന ശബ്ദകോലാഹലം. രണ്ടുമിനിട്ടുനേരത്തോളം കോലാഹലം ഉണ്ടാകുമെന്നറിയാം. രണ്ടുമിനിട്ടു കഴിഞ്ഞിട്ട് ശബ്ദം നില്യ്ക്കുന്നില്ല. താഴത്തെ നിലയിൽ ചെന്നു നോക്കിയപ്പോൾ സ്ഫിരിക്കൽ വാൽവ് തുറന്നുതന്നെയിരിക്കുന്നു. ലോക്കൽ ആയി മെക്കാനിക്കൽ ട്രിപ്പ് കൊടുത്തിട്ടും വാൽവ് അടയുന്നില്ല.

പ്രശറൈസ്ഡ് ഓയിൽ അടച്ചുവച്ച് സെർവ്വോ മോട്ടോർ തുറന്നപ്പോൾ സീതപ്പഴത്തിന്റെ കുരുവിന്റെ സൈസിലുള്ള ദ്രവിച്ച ഒരു മരക്കഷണം. സർവ്വോ മോട്ടോറിലെ പൈപ്പിൽ കോർക്ക് ഇട്ടപോലെ കുടിങ്ങിക്കിടക്കുന്നു. പണ്ട് അങ്കമാലി യാർഡിൽ കിടന്ന് മരപ്പെട്ടി ദ്രവിച്ചപ്പോൾ സർവ്വോ മോട്ടറിൽ കുടങ്ങിക്കിടന്നതായിരിക്കണം മരക്കഷണം.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ മെഷീൻ വീണ്ടും ട്രിപ്പ് ആയി. ട്രിപ്പ് ആകുന്നതിനുള്ള കാരണം കാണുന്നില്ല.

മെഷീൻ പ്രവർത്തിച്ച് രണ്ട് ദിവസം കഴിഞ്ഞപ്പോൾ അകാരണമായി വീണ്ടും ട്രിപ്പ് ആയി. മെഷീൻ Full Load ൽ ആണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഫുൾ ലോഡിൽ പ്രവർത്തിക്കുന്ന മെഷീൻ Trip ആകുമ്പോൾ മെഷീനിനുണ്ടാകുന്ന യാന്ത്രികമായ ആഘാതം വളരെ കൂടുതലാണ്.

അകാരണമായി ട്രിപ്പ് ചെയ്യുന്നത് തുടർന്നപ്പോൾ KSEB യുടെ brain ആയ റിലെ വിഭാഗവുമായി ബന്ധപ്പെട്ടു. KSEB യിലെ പ്രഗൽഭരായ പലരുമായും ബന്ധപ്പെട്ടിട്ടും പ്രശ്നത്തിന് പരിഹാരം കിട്ടിയില്ല.

അരമണിക്കൂർ മുതൽ 2 മാസം വരെ ഇടവേളകളിൽ തുടർന്നും ട്രിപ്പിങ്ങ് നടന്നുകൊണ്ടിരുന്നു. പിന്നെപ്പിന്നെ ട്രിപ്പിങ്ങ് ഒരു ശീലമായി. ഒരു വർഷം കൊണ്ട് പാവം, മെഷീൻ ഒരായുസ്സു മുഴുവൻ അനുഭവിക്കേണ്ട യാന്ത്രിക ആഘാതം ഏറ്റുവാങ്ങി.

പഴയ പവ്വർ ഹൗസിൽ സ്ഥാപിച്ചിരുന്ന indication കൾ എല്ലാം പിൻവലിച്ചു. ഇപ്പോൾ ഇന്റിക്കേഷനും കൺട്രോളും പുതിയ പവ്വർ ഹൗസിൽ മാത്രമാണുള്ളത്. രണ്ട് പവ്വർ ഹൗസിലും പ്രത്യേകം പ്രത്യേകം ഓപ്പറേറ്റർമാർ. ഇന്റിക്കേഷനുവേണ്ടി C.T., P.T. എന്നിവയുടെ സെക്കന്ററികൾ പഴയ പവ്വർ ഹൗസിലേക്ക് എടുത്തപ്പോൾ, ഒന്നുകിൽ ബർഡൻ പ്രശ്നം കൊണ്ടോ അതല്ലെങ്കിൽ പഴയ പവ്വർ ഹൗസിലെ കേബിളുകളുടെ interference കൊണ്ടോ ആയിരുന്നിരിക്കണം മെഷീനിന്റെ അകാരണമായ ട്രിപ്പിനുണ്ടായിരുന്ന കാരണങ്ങൾ.

എന്തായാലും ഇപ്പോൾ PLBE മെഷീന്റെ അകാരണമായ ട്രിപ്പിങ്ങ് ഉണ്ടാകുന്നില്ല എന്നാണ് അറിയുന്നത്.

✵

കവിത

# കവികൾ ഭീരുക്കൾ

Er. കെ. പി. ഗോപാലകൃഷ്ണൻ

നാവിറങ്ങിപ്പോയോ ? തൂലിക വറ്റിപ്പോയോ ?
ഓതുക കവികളെ ഭീരുക്കളായോ നിങ്ങൾ
ആയിരം ഹെക്ടർ വനം ജലത്തിൽ മുങ്ങിത്താഴ്കെ
ആവാസ കേന്ദ്രം വെടിഞ്ഞാനകളോടിപ്പോകെ
മാനുകൾ, മയിലുകൾ, കാട്ടുപോത്തുകൾ, പിന്നെ
ആദിവാസികളെല്ലാം കൂടു വിട്ടൊഴിയവേ
നാവിറങ്ങിപ്പോയോ, തൂലികവറ്റിപ്പോയോ
ഓതുക കവികളെ, ഭീരുക്കളായോ നിങ്ങൾ ?

ആകാശ സീമയെ തൊട്ടുരുമ്മീടുന്ന
മാമരക്കൂട്ടങ്ങൾ വേരറ്റുവീഴവെ
കാട്ടുകള്ളന്മാർ വനം മുടിച്ചീടുമ്പോൾ
വാലുംചുരുട്ടി മടങ്ങിയോടുന്നവർ
കേരളമാകെയിരുൾവന്നു മൂടുമ്പോൾ
ഓരോരോ പദ്ധതിക്കെതിരായി നില്ക്കുവോർ
കാണുന്നതില്ലെയീമുല്ലപ്പെരിയാറിൽ
ആയിരം ഹെക്ടർ വനം നശിക്കുന്നതും
ഓരോരോതുള്ളി ജലത്തിൽ കണക്കുമായ്
വീരവാദങ്ങൾമുഴക്കി ഇടുക്കിയെ
വാൾ മുനത്തുമ്പിൽ നിരത്തും തമിഴരെ
കാണുന്നതില്ലെ, കവി സുഹൃത്തുക്കളേ ?

ഓരോരോതുള്ളി ജലവും വെളിച്ചമായ്
വീഥിയോരങ്ങളിൽ മിന്നിത്തിളങ്ങവേ
കേരളം തലതാഴ്ത്തി ലജ്ജിച്ചു നില്ക്കവെ
കേൾപ്പൂനാം തമിഴന്റെ യാർപ്പുവിളികളും
ഊണുമുറക്കവുമില്ലാതിടുക്കിയിൽ
രാവും പകലും ഭയപ്പാടിൽ മുങ്ങവേ
ആരുണ്ടൊരാശ്വാസ വാക്കു നല്കീടുവാൻ
ആർക്കാണു ചേത?മിടുക്കി മരിക്കുകിൽ

ഏതോ വിരുദ്ധൻ മൊഴിയുന്നു ഡാമിന്
കേടൊന്നു മില്ലിനിയേറെ നൂറ്റാണ്ടുകൾ
പോയാലുമാപത്തുവന്നുഭവിക്കില്ല
ഏറെ ബലമുള്ളതാണടിത്തട്ടുകൾ"
"ഏതു നിമിഷവും പൊട്ടിത്തകർന്നിടാം"
ഓതുന്നു വേറെ വിദഗ്ദ്ധനാം ശാസ്ത്രജ്ഞൻ
ഈ രണ്ടുപേരും പഠിച്ചതൊരേശാസ്ത്രം
പാവം ജനങ്ങൾ പകച്ചുനില്ക്കുന്നിതാ !

ആരാണ് സത്യം പറയുന്നതെന്നോർത്ത്
മാലോകരെല്ലാം പകച്ചുനിന്നീടവേ
നൂറുവയസ്സു കഴിഞ്ഞൊരാമുത്തശ്ശി
ഊറിച്ചിരിക്കുന്നധരവ്യായാമങ്ങ-
ളേറെ ഒഴുക്കുമീ നേതാക്കളെയോർത്ത്
പാവം ജനത്തിന്റെ ദുർവ്വിധിയോർത്തോർത്ത്

തൂലിക കൈകളിലേന്തും കവീന്ദ്രരേ
തൂലികത്തുമ്പിൽ ചലനം നിലച്ചുവോ ?
പൂർവ്വികർ തൂലികപടവാളായ് മാറ്റിയോർ
ഓരോ അനീതിക്കുമെതിരായിനിന്നവർ
ആവുമോ നിങ്ങൾക്കാ ശക്തമാം പടവാളിൽ
നൂറിലൊരംശമൊന്നുൾക്കൊണ്ടുപാടുവാൻ ?

✵

## Letters to the Editor




**കത്തുകൾ അയക്കേണ്ട വിലാസം**

*Chief Editor*

*Hydel Bullet, KSEB Engineers' Association*
*Panavila, Thiruvananthapuram - 01,*

*Phone : 0471 - 2330696, Email : hydelbulletin@gmail.com*

# കുതിപ്പിലും കിതപ്പ്

## ഭാഗം - 5

# വിരമിക്കലും സ്ഥാനക്കയറ്റവും

**കെ.**എസ്.ഇ. ബോർഡിലെ സ്ഥലമാറ്റ പ്രക്രിയയിൽ നിലനിൽക്കുന്ന ചില പോരായ്മകൾ, അവ എങ്ങനെ പരിഹരിക്കാം എന്നതിനെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ പരാമർശിച്ചുവല്ലോ. സ്ഥലംമാറ്റ പട്ടികയിൽ ഉള്ളവർ ഓരോ വർഷവും ഏപ്രിൽ/മെയ് മാസങ്ങളോടു കൂടി പുതിയ ലാവണങ്ങളിൽ ചാർജ്ജെടുക്കുന്നു എന്ന് ഉറപ്പാക്കാനുള്ള ഇച്ഛാശക്തി അധികാരപ്പെട്ടവർ പ്രകടിപ്പിക്കണം. സ്ഥലം മാറ്റം നൽകപ്പെട്ട് സ്വന്തം സ്ഥലത്തുനിന്ന് പുറത്ത് പോകാനുള്ളവരുടെ സാദ്ധ്യതാ ലിസ്റ്റ് മാനവ വിഭവശേഷി വകുപ്പ് കൃത്യമായി അപ്ഡേറ്റ് ചെയ്യണം.

മെയ് മാസത്തിനു ശേഷം പൊതുസ്ഥലം മാറ്റ സാദ്ധ്യതാ പട്ടികയിൽ ഉള്ളവരും എന്നാൽ സ്ഥലംമാറ്റത്തിൽ പെടാത്തവരുമായവരെ മുൾമുനയിൽ നിർത്തുന്നത് അഭികാമ്യമല്ല. അപ്പോൾ മെയ് മാസം മുതൽ അടുത്ത മാർച്ച് വരെ സർവ്വീസിൽ നിന്ന് വിരമിക്കുന്നവർക്ക് പകരം ആളെ പോസ്റ്റിംഗ് ചെയ്യണ്ടേ? ഇതിനെന്തു ചെയ്യും?

ഓരോ തസ്തികയിൽ നിന്നും തൊട്ടുമുകളിലെ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ളവരുടെ ഒരു സാദ്ധ്യതാ പട്ടിക ഏത് സമയത്തും തയ്യാറായിരിക്കണം. ഏപ്രിൽ/മെയ് മാസങ്ങളിലുള്ള വിരമിക്കലുകൾക്ക് ജനറൽ ട്രാൻസ്ഫർ സാദ്ധ്യതാ പട്ടികയിൽ നിന്നു തന്നെ ആളെ പോസ്റ്റ് ചെയ്യാവുന്നതാണ്. മെയ് മാസത്തിനു ശേഷം അടുത്ത വർഷം മാർച്ച് വരെയുള്ള വിരമിക്കലുകൾക്ക് സ്ഥാനക്കയറ്റ സാദ്ധ്യതാ പട്ടികയിൽ നിന്ന് പ്രമോഷൻ നൽകി ആളെ നിയമിക്കാം. അല്ലാതെ ആളില്ലാ കസരേകൾക്കും അധിക ചുമതലകൾക്കും സാദ്ധ്യതയുണ്ടാക്കേണ്ടതില്ല.

നാളിതുവരെയുള്ള ബോർഡിലെ സ്ഥാനക്കയറ്റ/സ്ഥലംമാറ്റ പ്രക്രിയകൾ വിവാദങ്ങൾ സൃഷ്ടിച്ചിട്ടുള്ളവയാണ്. ചില സംഘടനകൾ ഇത്തരം വിവാദങ്ങൾമൂലം ധർമ്മ സങ്കടത്തിലാകുന്നവരുടെ വേദന പരിഹരിക്കാനെന്ന വ്യാജേന കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കാറുണ്ട്. സങ്കടങ്ങൾ അതേപടി നിലനിർത്തി വിലപേശൽ നടത്തുന്നവരാണിവർ. ക്വോട്ട കാര്യം തെറ്റിദ്ധരിപ്പിച്ച് തമ്മിലടിയുണ്ടാക്കാനും ഇവർ ഒരുങ്ങും. ഒരു കേഡറിലുള്ള വളരെയധികം തസ്തികകൾ ഒഴിവു വരുന്നതുവരെ കാത്തിരുന്നിട്ട് പൊട്ടിത്തെറിയും കേസും കൂട്ടവും ഉണ്ടാകുമെന്നായാലേ പ്രമോഷൻ ഉത്തരവിറക്കുകയുള്ളു എന്ന സമീപനം മാറ്റേണ്ടതാണ്. കരിയർ സ്റ്റാഗ്നേഷനും മുറുമുറുപ്പും തുടർന്നുള്ള മെല്ലെപോക്കു കാര്യ നിർവ്വഹണവും ഒഴിവാക്കാൻ നിശ്ചിത കാലയളവിൽ അർഹരായ ഓരോ ഉദ്യോഗസ്ഥർക്കും പ്രമോഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. കോടതി കയറിയാലെ പ്രമോഷൻ ലഭിക്കൂ എന്ന സ്ഥിതി ഇനിയെങ്കിലും ഉണ്ടാകരുത്. വിരമിക്കൽ നടന്ന പല തസ്തി

# Letters by Association

KSEBEA/Letters/2014-15 12-01-2015

To

The Hon'ble Minister for Power
Government of Kerala.

Respected Sir,

Sub:- Conduct of Adalath by private agencies- suggestions- reg.
Ref :- Recently conducted Adalath by FEEC at Balussery

This is with reference to an Adalath conducted by a private agency at Balussery on 18-12-2014 with the concurrence of the Chairman and Managing Director, KSEBL. It has been informed to us that the dignitaries who participated in the Adalath severely criticised the policies and actions of the present Government and the present management. We feel that the Board should not have allowed such a platform to a private agency to nurture their vested interests. We request that directions may please be issued to the Chairman and Managing Director, KSEBL not to grant sanction to private agencies , for conduct of Adalath and other similar activities, in future.

However, considering the interests of the consumer, we propose that Adalaths covering all types of consumer complaints may be convened at Subdivision level once every six months by the Executive Engineers of the concerned Electrical Divisions. It is also suggested that complaints involving financial commitment may be settled only after obtaining sanction of the appropriate authority. It is requested that necessary directions may be issued to the KSEBL for conduct of Adalaths as above.

Yours faithfully,
GENERAL SECRETARY

---

കകളിലും ഇപ്പോഴും അധിക ചുമതല വഹിച്ചു കൊണ്ടിരിക്കുന്നവർ ഉണ്ട്. 2015 മാർച്ച് മാസത്തോടുകൂടി ഇലക്ട്രിസിറ്റി ബോർഡിലെ പല തസ്തികകളിലേയും ഉദ്യോഗസ്ഥർ കൂട്ടത്തോടെ വിരമിക്കുമെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ ഇതിനനുസൃതമായി പ്രമോഷൻ സാദ്ധ്യതാ പട്ടികയോ പുതിയ നിയമനങ്ങളോ നടത്താനുള്ള നടപടികൾ ബോർഡ് തുടങ്ങിയോ എന്നറിയില്ല.ഏതായാലും ഇനി വരും വർഷങ്ങളിലെങ്കിലും പഴയ വിവാദങ്ങൾ അതേപടി തുടരാതിരിക്കാനുള്ള നടപടികൾ ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടാകും എന്ന് പ്രത്യാശിക്കാം.

*തൃശ്ശൂർ യൂണിറ്റ്*

# BOARD ORDERS

## KERALA STATE ELECTRICITY BOARD LIMITED

(Incorporated under the Indian Companies Act, 1956)

*Office of the Chief Engineer (Human Resources Management)*

*Phone : 91-471-2448948*
*Fax : 91-471-2441361*
*E-mail : cehrm@ksebnet.com*

*Vydyuthi Bhavanam,*
*Pattom Palace Post,*
*Thiruvananthapuram*
*PIN : 695 004*

*No. EB. 7/OnlineGenl.Transfer/2015.* *Dated : 19-01-2015*

*To*

1. *All Dept. Heads.*
2. *All Chief Engineers.*
3. *All Deputy Chief Engineers*
4. *All Executive Engineers*

*Sir,*

*Sub : General Transfer 2015 - Online application of Officers called for Regarding.*

*Ref : (1) B.O. (CM) No. 945/2013 (EB.7/General Transfer/2013) dated 24-04-2013.*

*(2) B.O. (CM) No. 1183/2013(EB.7/General Transfer/2013) dated 30-05-2013.*

*(3) Full Time Directors decision dated 26-11-2014.*

*The applications for transfer/protection from transfer are invited from the officers for the year 2015 as per the following guidelines.*

(1) All requests for transfer or requests for protection from transfer shall be filed online.

(2) There are two different application formats, one for applying transfer and another for protection from transfer.

(3) The Application format for filing "Transfer requests' or Protection from transfer' requests are available in www.hris.kseb.in.

(4) All officers who wish to apply for transfer or apply for protection from transfer shall log in using their username and password and file their applications online.

(5) Username is the employee Code. The Local Administrative User (LAU) of the respective ARU will provide all employees with their passwords.

(6) A "Help" document is also available in the website www.ksebnet.com. If necessary officers can take a print out of the document and follow the instruction for filling the application.

(7) All head of offices shall nominate one employee in each office who is dexterous in using computers to held and hand hold other employees in the office who are not conversant with online filling of applications.

(8) The "Basic User" of pay Roll Application is given the privilege to file transfer/ protection application on behalf of employees belonging to his/her establishment section. Officers who find it extremely difficult to file online application even with the help of another employee may entrust the Basic User in the ARU to file transfer/ protection application online on their behalf by giving a written authprization to the Head of Office where the officer is working

(9) All online applications submitted by officers shall be verified online by the Sr. Assistant and the Sr. Supdt. of the respective Pay Roll Bill Section (EB). After verification, the Online application shall be marked as "Verified" by the respective Sr. Assistant and the Sr. Supdt. Instances have come to the notice of the undersigned during last year that major information like place of domicile, which is a basic criteria for fixing the norms has been entered in the online application wrongly by many employees. This creates a lot of disputes between the employee, trade union and this office. The ARU head must pay much attention to confirm the right entry of such vital information with respect to the employees.

(10) After the online verification by the Sr. Supdt, the Head of ARU shall forward applications to the Chief Engineer (HRM) through online, immediately.

(11) The last date of submission of online application for officers except Assistant Engineer (Ele.) will be 15-03-2015, after this date the facility for online application will not be available in the website. I**n view of the shortage of Assistant Engineer (Ele.) in Electrical Section offices Board has decided vide reference (3) above, to complete the transfer process of Assistant Engineer (Ele.) on or before 31-03-2015. Hence, last date of submission of Online Application in the case of Assistant Engineer (Ele.) will be 15-02-2015.**

(12) Only those Applications forwarded online to the Office of the Chief Engineer (HRM) by the Head of ARU will be considered for the General Transfer or the anomaly rectification orfers subsequent to this. It is responsibility of an individual officer that his/her application is uploaded online. In turn he/she will get an acknowledgement SMS message on his/her mobile phone after acknowledging the same at this office. Those who does not get a confirmation must check his/her online application process and find immediate solution.

Applications in all respects received through online in the Establishment Section of the undersigned will be acknowledged by providing the above confirmation message to the applicant mobile.

(13) A print out of the confirmed copy shall be given to the employee and another copy signed by the employee should be submitted with all documents required to substantiate any claims made by the officers in the application to the concerned ARU Head. The ARU Head shall verify and countersign such applications submitted by the officer and shall sort out the hard copy of the countersigned applications category wise, with accompanying documentary proof, and forward the same in a single packet by speed post/ courier so as to reach the Office of the Chief Engineer (HRM) on or before 15-02-2015 for all other officers.

(14) For any clarification on the process of applying, verifying or forwarding the Online Application, officers may contact the helpline in Vydyuthi Bhavanam, Thiruvananthapuram the at the following numbers:

a. 0471 - 2514216

b. 9496012184

c. 0471 - 2514463

d. 0471 - 25`4235

(email address : esthrm@ksebnet.com)

Yours faithfully,

CHIEF ENGINEER (HRM)

# KERALA STATE ELECTRICITY BOARD LIMITED

(Incorporated under the Indian Companies Act, 1956
Registered Office : Vydyuthi Bhavanam, Pattom, Thiruvananthapuram - 695 004)

ABSTRACT

Abolishing TCMS and 11 kV Control rooms - Alternative arrangements for operational activites - Sanctioned - Orders issued.

---

CORPORATE OFFICE (SBU-D)

B.O. (FTD) No. 93/2015 (D (D&S) /D6/TCMS/3756/2014)
Thiruvananthapuram, Date : 14-01-2015

---

Read :

1. B.O. (FM). No. 888/2003 (DTPC -II/Misc - 24/2003) dtd Tvm 27-02-2014.
2. B.O.(FM) No. 1769/2003 (MD 1380/2003) dtd. Tvpm 11-11-2003
3. B.O.(FM) No. 527/2004 (DPC-II/Misc - 24/2003 (part -1)dtd Tvm 27-02-2004
4. B.O.(FM) No. 305/2004 (DPC-II/Misc -24/2003(part-2)dtd Tvm 31-01-2004
5. B.O.(FM) No.993/2004(DPC-II/Misc-24/2003 (part-2)dtd Tvm 21-04-2004
6. B.O.(FM) No.1970/2004 (DPC-II/Misc -24/2003 (part-2) dtd Tvm 10-08-2004
7. B.O.(FM) No.2363/2004 (DPC-II/TCMS-Kochi/2004) dtd Tvm 23-09-2004
8. B.O.(FM) No.3123/2004(DPC-II/TCMS-Kochi/2004) dtd Tvm 09-12-2004
9. B.O.(FM) No. 2489/2004 (DPC-II/TCMS-KKD/2004) dtd Tvm 07-10-2004
10. B.O.(FM) No.2489/2004(DPC-II/TCMS-KTM/06)dtd Tvm 03-03-2006
11. B.O.(FM) No. 1187/2010 (CP/R&P/Plg1/Model section / 2010-11)dtd Tvm 11-05-2010
12. Lr. No. EB/CE(DS)/TCMS/2014-15 dtd 07-11-2014 of Chief Engineer (Distribution - South)
13. Lr. No. EB/CE(DS)/TCMS/2014-15 dtd 07-11-2014 of Chief Engineer (Distribution - south)
14. Lr. No. CE(DC) /IV -GNL/2014-15/2474 dtd 13-11-2014 of Chief Engineer (Distribution - Central)
15. FTD Note No. D (D&S)/D6/TCMS/3756/2014 dated 16-12-2014

16. Reported of Chief Engineer (IT) dtd 29-12-2014

**ORDER**

The Kerala State Electricity Board as per B.O. read as 1st paper above, formed 7 Mobile Brakdown Units under the then Thiruvananthapuram East and West Divisions for reducing down time and for improving customer satisfaction by receiving complaints transmitted from the Electrical Sections concerned with 1 Sub Engineer, 2 contract workers and 1 Lineman from the respective Sections.

Thereafter as per B.O. read as 2nd paper above, a Centralised TCMS was established for the redressal of LT complaints in Thiruvananthapuram city by registering complaints at a central location instead of calling to the Electrical Sections concerned with 4 Sub Engineers and 4 SeniorAssistants Permission for occupying the upper floor of GIS Substation for the functioning of the TCMS was granted by the Order read as 3rd paper above. Later on, the Board as per B.O. read (4) above, sanctioned 5 Mobile Brakdown Units with TCMS Headquarters at Power House, Kollam to cover the 10 Electrical sections in Kollam city with 1 Assistant Executive Engineer, 2 Assistant engineers, 25 Sub Engineers, 20 Linemen and 40 Electricity Workers. Further the Board vide B.O. read (5) above sanctioned one more mobile unit under TCMS, Kollam with 4 Sub Engineers, 4 Linemen and 8 Electricity Workers. As per B.O. read (6) above, the Staff pattern of Control Room, Kollam was fixed as 4 Assistant Engineers, 4 Sub Engineers and 8 Overseers / Linemen in addition to 1 Assistant Executive Engineer.

As per B.O. read (7) above, 6 Mobile Breakdown units were formed with TCMS faility in the already existing control room to cover Kochi city with 24 Sub Engineers, 24 Linemen, 36 Electricity Workers and 6 Data Entry operators controlled by an Assistant Executive Engineer. Again vide B.O. read (8) above, sanction was accorded for the formation of one more Mobile Breakdown Unit for Kochi with 4 more Sub Engineers.

The Board Order vide read (9) above, established 6 Mobile Breakdown Units to cover Kozhikode city with TCMS facility and a control centre headed by an Assostant Executive Engineer with 28 Sub Engineers, 24 Linemen, 36 Electricity Workers and 6 Computer Operators.

KSEB vide B.O. read (10) abovem sanctioned 3 Mobile Breakdown Units with TCMS facility for Kottayam Municipal area headed by an Assistant Executive Engineer with 16 Sub Engineers, 12 Overseer / Linemen, 18 Electricity Workers and 6 Data Entry Operators.

KSEB vide B.O. read (11) above, through the implementation of Model Sections, withdrew Mobile Units under TCMS, but the centralized complaint registration facility

like control room was retained.

Reports were called from all the Distribution Chief Engineers on the functions of TCMS and the redeployment of staff in TCMS.

The Chief Engineer (Distribution - North) reported vide letter read (12) above that TCMS at Kozhikode city is not functioning now.

The Chief Engineer (Distribution - South) reported vide letter read (13) above that

- The mobile unit of TCMS under **Thiruvananthapuram (U)** circle stopped functioning on 30-08-2014. But complaints of consumers under Ele. Divisions, Thiruvananthapuram and Kazhakuttom were received through 155333. B.O. dtd 04-08-2011 entrusted TCMS to handle the day today SMS based electicity supply failure complaint registering system. Accordingly, TCMS is handling fuse off calls in various Electrical sections in Kerala for reistering, monitoring and for despatching the same to the Electrical Sections concerned. This toll free No. is attached to the Hon'ble Chief Minister;s Cell. Approximately 200 Nos. of complaints are handled per month. A request was already forwarded from his office for shifting the present TCMS to the proposed centralized control room at Vydyuthi Bhavanam. 4 Nos. of Line men are still working in 3 shifts.
- The Other Control room co-ordinates and supervises 11 KV operations in 82 Nos of 11 KV feeders, carrying out operation of 50 Nos. of RMUs, Co-ordinating 11 KV operations done by field staff for detecting and rectifying faults and for maintenance works. The rearrangement of load on the 11 KV feeders in the event of failure of supply to the EHT substations are also done by the Control room. 3 Nos. of Assistant Executive Engineers and 4 Nos. of Sub Engineers are working in this office in shifts.
- The mobile units of TCMS under Kollam circle are not functioning now. Complaints received from public are registered and the same are transferred to Electrical Sections concerned. 11 KV feeder management both in normal conditions and during shut down period under Kollam Electrical Division is being carried out from Control room. 3 Nos of Assistant Exeutive Engineers and 4 Nos. of Sub Engineers are working in this office in shifts.
- The mobile units of TCMS under Kollam circle are not functioning now. Complaints received form public are registered and the same are transferred to Electrical Sections concerned. 11 KV feeder management both in normal conditions and during shutdown period under Kollam Electrical Division is being carried out from Control room. I Assistant Engineer, 2 Overseers and 3 Linemen are working in this unit.
- Now TCMS or control room is functioning in other circles under the region.

The Chief Engineer (Distribution - Central) reported vide letter read (14) above that, there are no TCMS activities and only Control room activities are being continued with Co-ordination and regulation of 104 Nos of 11 KV Feeders covering 32 Sections under Electrical Circle , Eranakulam, Co-ordination of Transmission and Distribution maintenance works to ensure minimum interruption, monitoring of 11 KV interruption and related data collection, Operational controls of RMUs erected in the city including seitching off, back feeding , co-ordination of planned shut downs and informing public releases and intimation and co-ordination of supply during Load shedding are being carried out. 3 Nos. Assistant Executive Engineers and 4 Nos. Sub Engineers are working in 3 shifts in this unit. The Chief Engineer (Sistribution - Central) has requested for the continuation of the present mechanism.

Having considered the matter in the Note read (15) above in detail, the FTD meeting held on 06-01-2015 accorded sanction :

1. To abolish all TCMS ie; TCMS Thiruvananthapuram, TCMS Kollam TCMS Ernakulam and TCMS Kozhikode forthwith.
2. To abolish 11 kV Control rooms at Thiruvananthapuram, Ernakulam and TCMS Kozhikode forthwith.
3. To deploy the staff from the above mentioned abolished TCMS and control rooms forthwith.
4. To take necessary arrangements to map (land) all calls on 155333 to 2555544.
5. To manage the operational activities of the 11 KV feeders attached to the above abolished TCNS and control rooms independently by the authorised personnel of Electrical Sections concerned itself, in co-ordination with Substions, as being done in the case of other Sections which are not attached with TCMS and 11 KV control rooms. The Deputy Chief Engineers concerned shall make suitable arrangements for the same and will enforce this nww system in a phased manner within a period of one month.

By order of the Full Time Directors

Sd/-

Deputy Secretary (Administration)
In - charge of
Secretary (Administration)

# Indian Power Sector Roundup

## ☞ Amendment to Act will change power sector: expert

The amendment to Electricity Act 2003, tabled in Parliament, will cause drastic changes in the electricity sector and hence it warrants discussions among stakeholders, electricity finance expert D. Shina has said.

"The change will destroy the distribution companies which are mostly in the public sector and will pave the way for increase in the tariff. The amendments will only add to complexities and will affect the power industry, which is already limping, in the country," she said.

In a study report, Dr. Shina said the major change was a provision for supply companies that do not own distribution lines. Instead they will have mandatory access to the existing lines owned by 'discoms.'

**Theoretical**

Theoretically, consumers would be free to purchase electricity from multiple suppliers operating in their area. The terms of access would be decided by the regulatory commissions. Despite severe criticism from consumers and trade unions the Union government had opted to go ahead with the amendment.

Dr. Shina said the government blindly believed that the new amendment would pave way for free competition in the sector resulting in tariff reduction. Supporters of the amendment ignored the fact that when demand exceeded supply, which was the case in the country, free competition would lead to increase in price. "It is unwise to reduce demand of electricity through price elasticity as reduction in electricity demand will arrest the country's economic growth."

The amendment, if passed, would affect the existing power set-up in Kerala because KSEB Limited was cushioning losses in the distribution sector through surplus in generation. The government now managed to reduce tariff for household consumers by generating higher income from other categories like commercial consumers.

If new supply companies were allowed, "cherry picking" of the attractive set of consumers would result, and a steep increase in tariff of household consumers would follow, she said.

➲

# Transmission constraints




Lack of sufficient transmission capacities is hampering the growth of India's electricity market. In the last financial year, an estimated 5,591 million units of electricity could not be cleared by the country's energy exchanges due to the lack of a transmission network, a note from Indian Energy Exchange (IEX) said. That is 16% of what these exchanges could have transmitted if adequate capacity had been available. Yes, the actually traded volumes on energy exchanges may be just 3% of the total electricity generated in the country. But these 5,591 million units still make up 13% of the 42,428 million units power shortage in the previous financial year. Secondly, transmission capacity is typically built for power plants which have long-term purchase agreements, thus squeezing short-term market volumes. However, its inadequacy is also the second biggest hurdle affecting upcoming thermal power plants after fuel shortage, according to some estimates. Building of transmission capacities will not only help the government achieve its aim of round-the-clock electricity availability, but will also help remove distortions in the electricity trading market.



കെ.പി. ഗോപാലകൃഷ്ണൻ രചിച്ച 'വിളക്കിച്ചേർത്ത കണ്ണികൾ' (നോവൽ) ഡോ. ഡി. ബാബുപോൾ ശ്രീ. നീല പത്മനാഭനു നൽകി പ്രകാശനം ചെയ്യുന്നു.

KSEB ENGINEERS' ASSOCIATION Price ₹ 10

HYDEL BULLET Monthly
RNI Reg.No.KERENG/2013/49629
Reg. No. KL/TV(N)/645/13-15

Licensed to Post without pre payment.
No. KL/TV(N)/WPP/283/ 2013-15 at Tvpm. RMS
Date of Publication: 27-1-2015

## Ernakulam unit conducted a Technical Tour to PGCIL, Raichur



Edited, Printed & Published by P. Murali, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum -01, Ph : 2330696, email:hydelbulletin@gmail.com,web : ksebea.in at Bhagath Printers, Pattom, Trivandrum - 4, Ph : 4011061, bhagathpattom@yahoo.com,bhagathprinters@gmail.com

For private circulation only